

കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

ശാസ്താംകോട്ട ബ്ലോക്ക് പഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2024-2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001

ഇ-മെയിൽ: doklm.ksad@kerala.gov.in
ഫോൺ : 0474-2740141

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: kSAKLM P10/2392/25

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001
തീയ്യതി: 27/12/2025
ഇ-മെയിൽ:
doklm.ksad@kerala.gov.in
ഫോൺ: 0474-2740141

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ശാസ്താംകോട്ട ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : ശാസ്താംകോട്ട ബ്ലോക്ക് പഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ശാസ്താംകോട്ട ബ്ലോക്ക് പഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1ഡയറക്ടർ,കേരളാ സംസ്ഥാന ഓഡിറ്റ് വകുപ്പ്
2.ജോയിന്റ് ഡയറക്ടർ തസ്വഭവ കൊല്ലം
3.ഓഫീസ് കോപ്പി

നമ്പർ: kSAKLM P10/2392/25 തീയ്യതി: 27/12/2025

കൊല്ലം ജില്ലയിലെ ശാസ്താംകോട്ട ബ്ലോക്ക് പഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ ശാസ്താംകോട്ട ബ്ലോക്ക് പഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 05-09-2024 മുതൽ 31-03-2025 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2024 മുതൽ 31-03-2025 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 28 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 17 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 03-11-2025 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി. സിന്ധു.ജി	സീനിയർ ഡെപ്യൂട്ടി ഡയറക്ടർ	28-10-2025	03-11-2025

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
28-10-2025	03-11-2025

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. ലാലു ആർ. ഓഡിറ്റ് ഓഫീസർ
ശ്രീമതി ശ്രീജ എസ്., അസി.ഓഡിറ്റ് ഓഫീസർ
ശ്രീമതി രാജശ്രീ സി.ആർ., സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ. സിറാജ് എസ്., ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ. ആർ. സുന്ദരേശൻ	പ്രസിഡന്റ്	01-04-2024	31-03-2025
ശ്രീ.ചന്ദ്രബാബു കെ.	സെക്രട്ടറി	01-04-2024	31-03-2025

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ. ഓമനകുട്ടൻ കെ.	ഡയറി എക്സ്റ്റൻഷൻ ഓഫീസർ	01-04-2024	21-04-2024
ശ്രീമതി ബബീന മറിയം	ഡയറി എക്സ്റ്റൻഷൻ ഓഫീസർ	22-04-2024	05-06-2024
ശ്രീമതി ശ്യാമിലി എസ്.	ഡയറി എക്സ്റ്റൻഷൻ ഓഫീസർ	06-06-2024	19-07-2024
ശ്രീമതി അനു ആർ. ബാബു	ഡയറി എക്സ്റ്റൻഷൻ ഓഫീസർ	20-07-2024	31-03-2025
ഡോ.ബുഷ്റ റ്റി.	മെഡിക്കൽ ഓഫീസർ സി. എച്ച് സി (ശൂരനാട്)	01-04-2024	04-01-2025
ഡോ. ഫിലിപ്പ് തോമസ് വൈദ്യൻ	മെഡിക്കൽ ഓഫീസർ സി. എച്ച് സി (ശൂരനാട്)	05-01-2025	31-03-2025
ഡോ. അഞ്ജലി	സൂപ്രണ്ട് (താലൂക്ക് ആശുപത്രി) ശാസ്താംകോട്ട	01-04-2024	08-07-2024
ഡോ. ഷഹന	സൂപ്രണ്ട് (താലൂക്ക് ആശുപത്രി) ശാസ്താംകോട്ട	09-07-2024	03-03-2025
ഡോ. അഞ്ജലി	സൂപ്രണ്ട് (താലൂക്ക് ആശുപത്രി) ശാസ്താംകോട്ട	04-03-2025	31-03-2025
ശ്രീ. രാജീവ് എസ്.	പട്ടികജാതി വികസന ഓഫീസർ	01-04-2024	31-03-2025
ശ്രീമതി ഗംഗഭായി കെ.വി.	ശിശു വികസന പദ്ധതി ഓഫീസർ	01-04-2024	31-03-2025
ശ്രീമതി ഷെമിദ എം.	ശിശു വികസന പദ്ധതി ഓഫീസർ-അഡീഷണൽ	01-04-2024	31-12-2024
ശ്രീമതി ഗംഗഭായി കെ.വി.	ശിശു വികസന പദ്ധതി ഓഫീസർ-അഡീഷണൽ	01-01-2025	31-03-2025
ശ്രീമതി സലീല.എസ്	അസിസ്റ്റൻറ് എൻജിനീയർ	01-04-2024	31-03-2025
ശ്രീമതി ബൾഗീസ് എം.	അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയർ	01-04-2024	31-03-2025
ശ്രീമതി ഗിരിജ.വി.പി.	വ്യവസായ വികസന ഓഫീസർ	01-04-2024	31-03-2025
ഡോ. ബൈജു എസ്.ജി.	മെഡിക്കൽ ഓഫീസർ സി. എച്ച് സി മൈനാഗപ്പള്ളി	01-04-2024	31-05-2024
ഡോ. നീതു ജലീൽ	മെഡിക്കൽ ഓഫീസർ സി. എച്ച് സി മൈനാഗപ്പള്ളി	01-06-2024	31-07-2024
ഡോ. സബിതാ കണ്ണൻ	മെഡിക്കൽ ഓഫീ സർ	01-08-2024	06-01-2025

	സി. എച്ച് സി മൈനാഗപ്പള്ളി		
ഡോ. ബുഷറ റ്റി	മെഡിക്കൽ ഓഫീസർ സി. എച്ച് സി മൈനാഗപ്പള്ളി	07-01-2025	31-03-2025
ശ്രീമതി ഷാനിദ ബീവി.എ.	അസിസ്റ്റൻറ് ഡയറക്ടർ ഓഫ് അഗ്രികൾച്ചർ	01-04-2024	31-03-2025

ഉള്ളടക്കം

ക്രമ നം	ഭാഗം 1	ഖണ്ഡിക നമ്പർ
1	ഓഡിറ്റ് സാക്ഷ്യപത്രം	1-1
2	അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല	1-1-1
3	മാസാന്ത്യ, വർഷാന്ത്യ ബാങ്ക്/ട്രഷറി റീക്കൺസിലിയേഷൻ നടത്തുന്നില്ല	1-1-2
4	ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല.	1-1-3
5	ഡെപ്പോസിറ്റ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല	1-1-4
6	വാടക ഡിമാന്റ് രജിസ്റ്ററിൽ ക്യത്യമായ രേഖപ്പെടുത്തലുകളില്ല	1-1-5
7	എ.സി.ആർ. ലെ ചെലവ് തുകയും സുലേഖ പ്രകാരമുള്ള ചെലവ് തുകയും പൊരുത്തപ്പെടുന്നില്ല	1-1-6
8	ആസ്തി രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ എന്നിവ ക്യത്യമായി തയ്യാറാക്കുന്നില്ല	1-1-7
9	ബാലൻസ് ഷീറ്റിലെ B-4ഷെഡ്യൂളിലെ CFC Tied & Untied തുകയും ബന്ധപ്പെട്ട അക്കൌണ്ടിലെ നീക്കിയിരുപ്പുമായി പൊരുത്തപ്പെടുന്നില്ല	1-1-8
10	ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്, അൺടൈഡ് ചെലവ്) സുലേഖ,.എ.സി.ആർ, എ.എഫ്.എസ് എന്നിവ പ്രകാരം വ്യത്യാസപ്പെട്ടിരിക്കുന്നു.	1-1-9
11	രസീത് പ്രകാരമുള്ള വരവ് വാർഷികധനകാര്യപത്രികയിൽ ഉൾപ്പെട്ടിട്ടില്ല	1-1-10
12	ബജറ്റ്	1-2
13	സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)	1-3
14	ഫണ്ട് വിനിയോഗം	1-4
15	പദ്ധതി അവലോകനം	1-5
16	തൊഴിലുറപ്പ് പദ്ധതി	1-6
17	ക്ഷേമപദ്ധതികൾ	1-7
18	ക്യാഷ് പരിശോധന	1-8
19	ആഭ്യന്തരനിയന്ത്രണ സംവിധാനം	1-9
20	മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം	1-10
21	മണ്ണ് ലേലം - ജി എസ് ടി ഈടാക്കാത്തത് സംബന്ധിച്ച്	1-11
22	യാത്രാപ്പടിയിനത്തിൽ അർഹമായതിലും അധികം തുക കൈപ്പറ്റിയത് സംബന്ധിച്ച്	1-12
23	ഔദ്യോഗിക വാഹനത്തിന്റെ ലോഗ് ബുക്ക് ഹാജരാക്കിയില്ല ₹ 94,889/- തടസ്സത്തിൽ വയ്ക്കുന്നു.	1-13
24	ഇ ടെണ്ടർ ഫീ തനത് ഫണ്ടിൽ ഒടുക്ക് വരുത്താത്തത് സംബന്ധിച്ച്	1-14
25	സർക്കാർ മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി തുക അധികം ചെലവഴിച്ചു	1-15
26	മരാമത്ത് പ്രവൃത്തികൾക്ക് വിഹിതം -പ്രോജക്ടുകളും അനുബന്ധരേഖകളും ഓഡിറ്റിന് ലഭ്യമാക്കിയില്ല	1-16
27	ബോട്ടിൽ ബൂത്തുകൾ സ്ഥാപിക്കൽ-അനുബന്ധരേഖകൾ ലഭ്യമല്ല	1-17
28	കേരളോത്സവം യുവജനകമ്മീഷൻ ബോർഡിൽ നിന്നും തുക ലഭ്യമായില്ല-തനത് ഫണ്ടിൽ നിന്നും തുക ചെലവഴിച്ചു	1-18
29	നൈപുണ്യ വികസനവും വിപണനകേന്ദ്രവും-സംയുക്ത പ്രോജക്ടുകൾ നടപ്പിലാക്കുമ്പോൾ പദ്ധതി മാർഗ്ഗരേഖ പ്രകാരമുള്ള നടപടിക്രമം പാലിച്ചിട്ടില്ല	1-19
30	വിനിയോഗസാക്ഷ്യപത്രം ലഭ്യമല്ല - 9577471/- രൂപ തടസ്സപ്പെടുത്തുന്നു	1-20
31	ട്രാഫിക്ക് കോൺവെക്സ് മിറർ സ്ഥാപിക്കൽ-ബ്ലോക്കിന്റെ ചുമതലയിൽ	1-21

	ഉൾപ്പെടാത്ത പ്രോജക്ട് നടപ്പിലാക്കി	
32	മൈനാഗപ്പള്ളി സി,എച്ച്.സി മരുന്ന് വാങ്ങുന്നതിനായി കേരളാ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡിന് തുക നൽകിയെങ്കിലും മരുന്ന്/ ഉപകരണങ്ങൾ പൂർണ്ണമായും ലഭ്യമായിട്ടില്ല	1-22
33	ശാസ്താംകോട്ട താലൂക്ക് ഹോസ്പിറ്റൽ-കേരളാ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡിന് തുക നൽകിയെങ്കിലും മരുന്ന് പൂർണ്ണമായും ലഭ്യമായിട്ടില്ല.	1-23
34	ജനറൽ കമ്മിറ്റി മിനിട്ട്സ് സമയബന്ധിതമായി അംഗീകാരം നൽകാത്തത് സംബന്ധിച്ച്.	1-24
35	വിതരണം ചെയ്യാത്ത 4 വാട്ടർ പ്യൂരിഫയറുകൾക്ക് ഇൻസ്റ്റലേഷൻ ചാർജ്ജും സാധന വിലയും നല്കി	1-25
36	ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി നടപ്പാക്കിയ പദ്ധതികൾ- മാർഗ്ഗ നിർദ്ദേശങ്ങൾ മറികടന്ന് ARTCO യെ വിവിധ പ്രവൃത്തികൾ ഏല്പിച്ചു നൽകി- ₹ 6261648/- രൂപ തടസ്സപ്പെടുത്തുന്നു.	1-26
37	വാട്ടർ എ.റ്റി.എം-പഞ്ചായത്തുകളുമായി തുടർപരിപാലനകരാർ ചമച്ചിട്ടില്ല	1-27
38	ഹെൽത്ത്-ഗ്രാന്റ്- അവലോകനം	1-28
ഭാഗം 2		
--- No Records Found ---		
ഭാഗം 3		
1	സർക്കാർ മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി തുക അധികം ചെലവഴിച്ചു	3-1
2	വിതരണം ചെയ്യാത്ത 4 വാട്ടർ പ്യൂരിഫയറുകൾക്ക് ഇൻസ്റ്റലേഷൻ ചാർജ്ജും സാധന വിലയും നല്കി	3-2
ഭാഗം 4		
1	മെഡിസെപ്പ്	4-1
2	വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം	4-2
3	സംയുക്ത പ്രോജക്കുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം	4-3
4	മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ	4-4
5	വായ്പ / വായ്പാതിരിച്ചടവ്	4-5
6	നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ	4-6
7	സ്ഥിര നിക്ഷേപം	4-7
8	ഓഡിറ്റ് റിക്കവറി	4-8
9	സമാഹൃത ഓഡിറ്റ് റിപ്പോർട്ട്	4-9
10	ചാർജ് /സർചാർജ് നടപടികളുടെ വിവരം	4-10
11	ഓഡിറ്റ് പ്രത്യവലോകനം	4-11
12	തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ	4-12
അനുബന്ധം		
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം	
3	അനുബന്ധ പത്രികകൾ	

ഭാഗം -1
പൊതു അവലോകനം

1-1 ഓഡിറ്റ് സാക്ഷ്യപത്രം

1. ശാസ്താംകോട്ട ബ്ലോക്ക് പഞ്ചായത്തിന്റെ 2025 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31/03/2025 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 29.07.2025 തീയതിയിലെ I(1) നം. തീരുമാനം പ്രകാരം അംഗീകരിച്ച് 31.07.2025 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4), 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട്, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് റൂൾസ്, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. സി. & എ. ജി. ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യപത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യപത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യപത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ്ങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, ശാസ്താംകോട്ട ബ്ലോക്ക് പഞ്ചായത്തിന്റെ 2024-25 വർഷത്തേയ്ക്കുള്ള വാർഷിക ധനകാര്യ പത്രികകൾ 31.03.2025 ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31.03.2025 ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം : കൊല്ലം
തീയതി : 27.12.2025

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.

1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല

റേഷ്യോസ്, സെക്രട്ടറിയുടെ കുറിപ്പുകൾ എന്നിവ വാർഷിക കണക്കുകളോടൊപ്പം

സമർപ്പിച്ചിട്ടില്ല.

1-1-2 മാസാന്ത്യ, വർഷാന്ത്യ ബാങ്ക്/ട്രഷറി റീക്കൺസിലിയേഷൻ നടത്തുന്നില്ല

ബാങ്ക്, ട്രഷറി അക്കൗണ്ടുകളുടെ സാംഖ്യ പ്രകാരമുള്ള മാസാന്ത്യ, വർഷാന്ത്യ റീക്കൺസിലിയേഷൻ പത്രികകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. റീക്കൺസിലിയേഷൻ കൃത്യമായി ചെയ്യാത്തതിനാൽ ബാങ്ക് ബുക്ക് പ്രകാരമുള്ള നീക്കിയിരിപ്പ് തുകകളുടെ കൃത്യത ഉറപ്പാക്കാൻ കഴിഞ്ഞില്ല.

1-1-3 ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല.

വാർഷിക ധനകാര്യ പത്രികയോടൊപ്പം ലഭ്യമാക്കിയിട്ടുള്ള കാഷ് ഫ്ലോ പത്രികയിലെ Net Increase In Cash And Cash Equivalence തുകയും (2173768/-) ഇതേ പത്രികയിലെ Net Cash Generated By Operating +Investing +Financing Activity തുകയും (1764862/-) പൊരുത്തപ്പെടുന്നില്ല.

1-1-4 ഡെപ്പോസിറ്റ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല

ഡെപ്പോസിറ്റ് രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല. അതിനാൽ തനത് ഫണ്ടിൽ വരവുള്ളതും വൗച്ചറുകൾ പ്രകാരം റീഫണ്ട് നൽകിയിട്ടുള്ളതുമായ ഡെപ്പോസിറ്റുകളുടെ വിവരവും ഈയിനത്തിൽ ബി-7 ഷെഡ്യൂളിൽ നീക്കിയിരിപ്പായി രേഖപ്പെടുത്തിയിട്ടുള്ള തുകയുടെ കൃത്യതയും പരിശോധിക്കുവാൻ സാധിച്ചിട്ടില്ല.

1-1-5 വാടക ഡിമാന്റ് രജിസ്റ്ററിൽ കൃത്യമായ രേഖപ്പെടുത്തലുകളില്ല

വാടക ഡിമാന്റ് രജിസ്റ്ററിൽ ഡിമാന്റ്, കളക്ഷൻ, ബാലൻസ് രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തിയിട്ടില്ല. രജിസ്റ്ററിലെ രേഖപ്പെടുത്തലുകളും കൃത്യമല്ല. ആയതിനാൽ വാടകയിനത്തിലെ വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള തുകകളുടെ കൃത്യത ഉറപ്പാക്കാനായിട്ടില്ല.

1-1-6 എ.സി.ആർ. ലെ ചെലവ് തുകയും സുലേഖ പ്രകാരമുള്ള ചെലവ് തുകയും പൊരുത്തപ്പെടുന്നില്ല

ചുവടെ ചേർത്തിട്ടുള്ള ഫണ്ടിനങ്ങളിലെ ACR,വാർഷിക ധനകാര്യപത്രിക ഇവ പ്രകാരമുള്ള ചെലവും സുലേഖ പ്രകാരമുള്ള ചെലവും പൊരുത്തപ്പെടുന്നില്ല

ഫണ്ടിനം	ACR പ്രകാരമുള്ള ചെലവ്	സുലേഖ ചെലവ് പത്രിക പ്രകാരമുള്ള ചെലവ്	വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള ചെലവ്
വികസന ഫണ്ട് ജനറൽ	29672747/-	29060935/-	29672747/-
വികസന ഫണ്ട് SCP	25493060/-	25319941/-	25493060/-
മെയിന്റനൻസ് ഗ്രാന്റ് -നോൺ റോഡ്	41994000/-	39819798/-	41994000/-

1-1-7 ആസ്തി രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ എന്നിവ കൃത്യമായി തയ്യാറാക്കുന്നില്ല

ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കാത്തതിനാൽ വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള തുകകളുടെ കൃത്യത പരിശോധിക്കുവാൻ സാധിച്ചിട്ടില്ല. കൂടാതെ അഡ്വാൻസ് രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ എന്നിവ കൃത്യമായി തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ വാർഷിക ധനകാര്യ പത്രികയിലെ B-7, B-18 ഷെഡ്യൂളുകളിലെ തുകകളുടെ കൃത്യത പരിശോധിക്കുവാൻ സാധിച്ചിട്ടില്ല.

1-1-8 ബാലൻസ് ഷീറ്റിലെ B-4ഷെഡ്യൂളിലെ CFC Tied & Untied തുകയും ബന്ധപ്പെട്ട അക്കൌണ്ടിലെ നീക്കിയിരുപ്പുമായി പൊരുത്തപ്പെടുന്നില്ല

ബാലൻസ് ഷീറ്റിലെ ബി-4 ഷെഡ്യൂൾ പ്രകാരം – CFC-Tied, Untied-Basic എന്നീ ശീർഷകങ്ങളിൽ സാമ്പത്തിക വർഷാവസാനം യഥാക്രമം 32,53,528/-, 9,71,704/- രൂപ വീതമാണ് (ആകെ 42,25,232/-) നീക്കിയിരിപ്പുള്ളത്. എന്നാൽ B17, Rp40(b) എന്നീ ഷെഡ്യൂളികളിൽ ബന്ധപ്പെട്ട ബാങ്ക് അക്കൗണ്ടിൽ സാമ്പത്തിക വർഷാവസാനത്തെ നീക്കിയിരിപ്പ് 32,31,200/- രൂപയാണ്. പ്രസ്തുത ബാങ്ക് അക്കൌണ്ടിന്റെ സ്റ്റേറ്റ്മെന്റ് പ്രകാരം നീക്കിയിരിപ്പ് 44,24,936/- രൂപയാണ്.

1-1-9 ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്, അൺടൈഡ് ചെലവ്) സുലേഖ,.എ.സി.ആർ, എ.എഫ്.എസ് എന്നിവ പ്രകാരം വ്യത്യാസപ്പെട്ടിരിക്കുന്നു.

ധനകാര്യ കമ്മീഷൻ ഗ്രാന്റ് ചെലവ് സുലേഖ, എ.സി.ആർ, എ.എഫ്.എസ് എന്നിവ പ്രകാരം വ്യത്യാസപ്പെട്ടിരിക്കുന്നു.

	ACR പ്രകാരം	എ.എഫ്.എസ്. (I6 Schedule)	സുലേഖ സ്റ്റേറ്റ്മന്റ് പ്രകാരം	ലെഡ്ജർ പ്രകാരം
ടൈഡ് ബാങ്ക്	8953319	7627238	16178503 (ടൈഡ്+ബേസിക്ക്)	7806972
അൺറ്റൈഡ് ബേസിക്ക് ബാങ്ക്	7225184	7066821		8371531

ധനകാര്യ കമ്മീഷൻ ഗ്രാന്റ് ബേസിക്ക്, ടൈഡ് ചെലവുകൾ എ.സി.ആറും എ.എഫ്.എസും സുലേഖയുമായുള്ള വ്യത്യാസം ബോധ്യപ്പെട്ടിട്ടില്ല.

1-1-10 രസീത് പ്രകാരമുള്ള വരവ് വാർഷികധനകാര്യപത്രികയിൽ ഉൾപ്പെട്ടിട്ടില്ല

14.02.25 ൽ ശാസ്താംകോട്ട താലൂക്ക് ആശുപത്രിയിലെ മണ്ണ് ലേലവുമായി ബന്ധപ്പെട്ട് വരവ് വന്ന 105000/- രൂപ വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെട്ടില്ല.

1-2 ബജറ്റ്

2024-25 വർഷത്തെ ബജറ്റ് 24.02.24 തീയതിയിൽ നടന്ന സാധാരണ യോഗത്തിലെ 1(4) നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. പരിഷ്കരിച്ച ബജറ്റ് 12.02.2025ലെ 1(2) നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്.

1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

മുന്നിരിപ്പ്	₹1,34,77,983/-
വരവ്	₹15,79,65,154/-
ആകെ	₹17,14,43,137/-
ചെലവ്	₹15,57,91,386/-
നീക്കിയിരിപ്പ്	₹1,56,51,751
വരവിനങ്ങളിലെ നഷ്ടം	ഇല്ല
ചെലവിനങ്ങളിലെ നഷ്ടം/നിരാകരിച്ച തുക	₹ 14315/-
തടസ്സപ്പെടുത്തിയ തുക	₹ 23517178/-

1-4 ഫണ്ട് വിനിയോഗം

ഗ്രാന്റ്	മുന്നിരിപ്പ് ₹	വരവ് ₹	ആകെ ₹	ചെലവ് ₹	നീക്കിയിരിപ്പ്/ ലാപ്സായ തുക ₹
വികസനഫണ്ട് (ജനറൽ)	0	2,96,73,000/-	2,96,73,000/-	2,96,72,747/-	253/-
വികസനഫണ്ട് (എസ്.സി.പി)	0	3,26,45,000/-	3,26,45,000/-	2,54,93,060/-	71,51,940/-
മെയിന്റനൻസ് ഫണ്ട് (നോൺ റോഡ്)	0	4,19,94,000/-	4,19,94,000/-	4,19,94,000/-	0
ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്) - ബാങ്ക്	20,000/-	1,10,40,500/-	1,10,60,500/-	78,06,972/-	32,53,528/-
ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്) – ട്രഷറി	0/-	7,43,733/-	7,43,733/-	0/-	7,43,733/-
ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ബേസിക് അൺ ടൈഡ്) - ബാങ്ക്	41,12,397-	52,30,838/- (49,99,498 +231340 (പലിശ))	93,43,235/-	83,71,531/-	9,71,704/-
ധനകാര്യ കമ്മീഷൻ ഗ്രാന്റ്	0/-	51,892/-	51,892/-	0/	51892/-

(ബേസിക് അൺ ടൈഡ്) - ട്രഷറി					

സംസ്ഥാനാവിഷ്കൃത / കേന്ദ്രാവിഷ്കൃത ഫണ്ടുകൾ

ഫണ്ട് ഇനം	മുന്നിരിപ്പ് ₹	വരവ് ₹	ആകെ ₹	ചെലവ് ₹	നീക്കിയിരിപ്പ് ₹
ടി എസ് സി	13,22,018/-	40,104/-	13,62,122/-	2,400/-	13,59,722/-
ഹെൽത്ത് ഗ്രാന്റ്	5,35,046/-	29,12,709/-	34,47,755/-	2,09,135/-	32,38,620/-
ഐ എ വൈ/ പി എം എ വൈ	48,51,943/-	1,34,604/-	49,86,547/-	1,14,004/-	48,72,543/-
Total Sanitation	10,935/-	313/-	11,248/-	0/-	11,248/-
Bio Diversity	2,29,105	6544/-	2,35,649/-	0	2,35,649/-

സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് ചെലവ് തുക സുലേഖ സ്റ്റേറ്റ്മന്റും വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുന്നില്ല.

1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്കുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

അംഗീകാരം ലഭിച്ചത് (എണ്ണം)	പദ്ധതി അടങ്കൽ (രൂപ)	നടപ്പാക്കിയത് (എണ്ണം)	പദ്ധതി ചെലവ് (രൂപ)	ഭാഗികമായി നടപ്പാക്കിയത് (എണ്ണം)	നടപ്പാക്കാത്തവ (എണ്ണം)	പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം
214	203750984/-	177	126882964/-	0	37	82.7 %

1-6 തൊഴിലുറപ്പ് പദ്ധതി

ഇല്ല.

1-7 ക്ഷേമപദ്ധതികൾ

ഇല്ല.

1-8 ക്യാഷ് പരിശോധന

ക്യാഷ് വെരിഫിക്കേഷൻ നടത്തിയിട്ടില്ല.

1-9 ആഭ്യന്തരനിയന്ത്രണ സംവിധാനം

ബ്ലോക്ക് പഞ്ചായത്ത് ജീവനക്കാരുടെ കർത്തവ്യങ്ങൾ വ്യക്തമായി രേഖപ്പെടുത്തിയ ജോലി വിഭജനരേഖ സ്ഥാപനത്തിൽ പരിപാലിച്ചിട്ടുണ്ട്. വരവുകൾ സ്വീകരിക്കുന്നത് ശരിയായി അക്കൌണ്ട് ചെയ്യുന്നുണ്ട്. പേയ്മെന്റ് ഓർഡറുകൾ യഥാസമയം ചെയ്ത് ചെലവ് ആധികാരികമാക്കുകയും സാംഖ്യ വൗച്ചറുകൾ നമ്പർ ക്രമത്തിൽ സൂക്ഷിക്കുകയും ചെയ്തിട്ടുണ്ട്. കണക്കുകൾ ഓരോ മാസവും ബന്ധപ്പെട്ട ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി പരിശോധിക്കുന്നുണ്ട്. അതോടൊപ്പം അംഗീകരിച്ച വരവ്, ചെലവ്, നീക്കിയിരുപ്പ് സംക്ഷിപ്തം ഉൾപ്പെടുത്താനും ശ്രദ്ധിക്കേണ്ടതാണ്. ആസ്തി രജിസ്റ്ററിൽ എൻജിനീയറിംഗ് വിഭാഗം നിർവ്വഹിക്കുന്ന മുഴുവൻ പ്രവൃത്തികളും, പർച്ചേസുമായി ബന്ധപ്പെട്ട വിശദാംശങ്ങളും ചേർത്ത് രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കേണ്ടതാണ്.
ഡെപ്പോസിറ്റ് രജിസ്റ്റർ തയ്യാറാക്കി കാലികമായി സൂക്ഷിക്കേണ്ടതാണ്. രസീതു പ്രകാരമുള്ള എല്ലാ വരവുകളും വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തേണ്ടതാണ്. ഇ ടെണ്ടർ ഫീസ് ഇനത്തിലുള്ള വരവുകൾ ബ്ലോക്ക് പഞ്ചായത്തിന്റെ തനത് അക്കൗണ്ടിൽ വരവു വയ്ക്കേണ്ടതാണ്. ജനറൽ കമ്മിറ്റി മിനിട്ട്സ് സമയബന്ധിതമായി അംഗീകരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

ഓഡിറ്റ്	അവസാനം ഓഡിറ്റ് നടത്തിയ തീയതി	ഓഡിറ്റ് കാലയളവ്	റിപ്പോർട്ട് ലഭിച്ച തീയതി
പെർഫോമൻസ് ഓഡിറ്റ്	27.12.2022 മുതൽ 05.01.23 വരെ	2021-22	25.04.23
അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ്	10.6.2016	2012-13 To 2015-16	23.12.2016

1-11 മണ്ണ് ലേലം - ജി എസ് ടി ഈടാക്കാത്തത് സംബന്ധിച്ച്

ശാസ്താംകോട്ട താലൂക്ക് ആശുപത്രിയിൽ മെറ്റേണിറ്റി ബ്ലോക്ക് നിർമ്മാണം എന്ന പ്രവർത്തിക്കു ശേഷം അവശേഷിച്ച മണ്ണ് 360m3 മണ്ണ് ലേലം ചെയ്യുകയും ഉയർന്ന നിരക്ക് കോട്ട് ഫൈസൽ. റ്റി.കെ.,

അഷ്ഫൽ നിവാസ്, വേങ്ങര എന്ന വ്യക്തി 105000 രൂപയ്ക്ക് ലേലം കൊള്ളുകയും 04.02.25ലെ രസീതു നംപർ 13/1617 പ്രകാരം തുക ഒടുക്കുകയും ചെയ്തു. എന്നാൽ ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ മേൽ തുകയ്ക്ക് GST ഒടുക്കിയതായി കാണുന്നില്ല. മേൽ വിഷയം സംബന്ധിച്ചു നൽകിയ ഓഡിറ്റ് എൻകുയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ ഇനം ലേലം കൈക്കൊണ്ട ശ്രീ ഫൈസൽ. റ്റി.കെ, അഷ്ഫൽ നിവാസ്, വേങ്ങര എന്ന വ്യക്തിയിൽ നിന്നും നിയമാനുസൃതമായ ജി.എസ്.ടി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.
ഓഡിറ്റ് എൻകുയറി നമ്പർ 13/31/10/2025

1-12 യാത്രാപ്പടിയിനത്തിൽ അർഹമായതിലും അധികം തുക കൈപ്പറ്റിയത് സംബന്ധിച്ച്

ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയായിരുന്ന ശ്രീ.കെ.ചന്ദ്രബാബു, ഹൈദ്രാബാദിൽ വെച്ചു നടന്ന MGNREGS ഏകദിന പരിശീലന പരിപാടിയിൽ പങ്കെടുത്തതിന് വിമാന യാത്ര നടത്തിയതിന് യാത്രാബത്തയിനത്തിൽ ₹ 15000/- (ചെക്ക് നം. MA 05405370/21.08.24) കൈപ്പറ്റിയിട്ടുണ്ട്. എന്നാൽ ടിയാന്റെ അടിസ്ഥാന ശമ്പളം ₹ 65200/- ആയതിനാൽ സെക്കന്റ് എ.സി ട്രെയിൻ യാത്രാപ്പടിയ്ക്ക് മാത്രമെ അർഹതയുള്ളു. മേൽ വിഷയം സംബന്ധിച്ചു നൽകിയ ഓഡിറ്റ് എൻകുയറിക്ക് ഏകദിന പരിശീലനം സംബന്ധിച്ച് അറിയിപ്പ് ലഭിച്ചതിനു ശേഷം വളരെ പെട്ടെന്ന് യാത്ര ചെയ്യേണ്ടി വന്നതിനാലാണ് വ്യോമഗതാഗതം തെരെഞ്ഞെടിക്കേണ്ടി വന്നതെന്ന് മറുപടി ഹാജരാക്കിയിട്ടുണ്ട്. എന്നാൽ മേൽ മറുപടിയെ സാധൂകരിക്കുന്ന സർക്കാർ ഉത്തരവോ മറ്റ് ആധികാരിക രേഖകളോ ഹാജരാക്കിയിട്ടില്ല. ആയതിനാൽ ചെലവ് തുക തടസ്സപ്പെടുത്തുന്നു. യാത്രാപ്പടിയിനത്തിൽ അർഹമായ തുക ക്രമീകരിച്ച ശേഷം ബാക്കി തുക ബ്ലോക്ക് പഞ്ചായത്ത് അക്കൗണ്ടിൽ തിരികെ ഒടുക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻകുയറി നം 09/ 03.11.25
തടസ്സം – 15000/-

1-13 ഔദ്യോഗിക വാഹനത്തിന്റെ ലോഗ് ബുക്ക് ഹാജരാക്കിയില്ല ₹ 94,889/- തടസ്സത്തിൽ വയ്ക്കുന്നു.

ശാസ്താംകോട്ട ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ ഔദ്യോഗിക വാഹനത്തിന്റെ (KL.01.F.8059) ലോഗ് ബുക്ക് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ലോഗ് ബുക്ക് ഹാജരാക്കാത്തതിനാൽ 2024-25 സാമ്പത്തിക വർഷം ഇന്ധന ചിലവിനത്തിൽ ₹ 104889 ചെലവഴിച്ചതിന്റെ കൃത്യത ഓഡിറ്റിന് പരിശോധിക്കുവാൻ സാധിച്ചിട്ടില്ല. വിശദാംശം താഴെ കൊടുക്കുന്നു

മാസം	തുക	ചെക്ക്/ Voucher
03/24	9385/-	2240040/4/6/24
6 /2024	7956/-	2240066/12/6/24
6/2024	10668/-	MA 05028170/10/7/2024
08/2024	1 1734/-	22400117/138/2024
09/2024/	10134/-	MA 05427928/13/9/2024
10 /2024	9067/-	JP 7293366/12/12/2024
11/2024 1	2808/-	729236612/12/2025
12/2024 –	6404/-	MA 07820984/13/1/2025
01/2025	9606/-	MA 07940544/11/2/2025
02/2025	17127/-	MA07432171/11/3/2025
ആകെ	94,889/-	

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകുയറിയ്ക്ക് മറുപടി ഹാജരാക്കിയിട്ടില്ല. ലോഗ് ബുക്ക് ഹാജരാക്കാത്തതിനാൽ ഔദ്യോഗിക വാഹനത്തിന്റെ ഇന്ധനം നിറയ്ക്കുന്നതിനായി ചെലവഴിച്ച ₹ 94,889/- രൂപ തടസത്തിൽ വെയ്ക്കുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

ഓഡിറ്റ് എൻകുയറി നമ്പർ 28/3/11/2025
തടസം – 94889/- രൂപ

1-14 ഇ ടെണ്ടർ ഫീ തനത് ഫണ്ടിൽ ഒടുക്ക് വരുത്താത്തത് സംബന്ധിച്ച്

ഇ ടെണ്ടർ ഫോറവില ഒടുക്ക് വരുത്തുന്നതിനായി ആരംഭിച്ച ശാസ്താംകോട്ട അസി. എക്സിക്യുട്ടീവ് എൻജിനിയറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിൽ (A/C No 67393022665, SBI Sasthamcottah) 31.03.2025ലെ

നീക്കിയിരിപ്പ് ₹ 3,02,003/- ആണ്. മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകെയറിക്ക് മറുപടി ഹാജരാക്കിയിട്ടില്ല. ഇ ടെണ്ടർ ഫീസ് ബ്ലോക്ക് പഞ്ചായത്തിന്റെ തനത് ഫണ്ടിലേക്ക് ഒടുക്ക് വരുത്തി വിവരം അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻകെയറി നം 20/ 01.11.25

1-15 സർക്കാർ മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി തുക അധികം ചെലവഴിച്ചു

പ്രോജക്ട് നം., പേര്	Soo207/25, സ്വാശ്രയ കാർഷിക സമിതികൾക്ക് വിപണന സംവിധാനത്തിന് അടിസ്ഥാന സൗകര്യം ഒരുക്കൽ
അടങ്കൽ	വികസന ഫണ്ട്(ജനറൽ)- 230000 മറ്റുള്ളവ- 2300000
ചെലവ്	വികസന ഫണ്ട്- 200000
നിർവ്വഹണം	അസി. കൃഷി ഡയറക്ടർ

തദ്ദേശസ്വയംഭരണ വകുപ്പിന്റെ സ.ഉ.(എം. എസ്.) നം. 115/2022, 28.05.22 നമ്പർ ഉത്തരവിലെ ഖണ്ഡിക 6-1-21 പ്രകാരം പ്രാദേശിക കാർഷിക വിപണന സംവിധാനത്തിന് സൗകര്യങ്ങൾ വർദ്ധിപ്പിക്കൽ, കെട്ടിട വാടക, ഉപകരണങ്ങൾ, കമ്പ്യൂട്ടറൈസ്ഡ് അക്കൌണ്ടിംഗ് & ബില്ലിംഗ് സംവിധാനം, ശീതികരണ സംഭരണ സംവിധാനം, വൈദ്യുതി ചാർജ്ജ്, വെള്ളക്കരം എന്നിവയ്ക്കുള്ള ആകെ ചെലവിന്റെ 50 % വാർഷിക ധനസഹായമായി ഫെബ്രുവരി മാസത്തിൽ നൽകാവുന്നതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ മേൽ പ്രോജക്ട് പ്രകാരം ആകെ ചെലവ് തുകയുടെ 50% ന് ഉപരിയായി തുക ചെലവഴിച്ചതായി ബോധ്യപ്പെട്ടു. വിശദാംശം ചുവടെ ചേർക്കുന്നു.

സ്ഥാപനം	ചെലവ് രേഖകൾ പ്രകാരം തുക	നൽകേണ്ട തുക	നൽകിയ തുക	അധികം നൽകിയ തുക
സ്വാശ്രയ കർഷക സമിതി ശൂരനാട്	199700/-	99850	100000/- ബിൽനം. 6 30/12/24	150
സ്വാശ്രയ കർഷക സമിതി ശാസ്താംകോട്ട	198470/-	99235	100000/- ബിൽനം. 8/30.12.24	765
ആകെ				915/-

അധികം തുക ചെലവഴിച്ചതിന് വിശദീകരണവും, പ്രസ്തുത വിപണന കേന്ദ്രങ്ങൾ കാർഷിക കർമ്മസേനകൾ/ വി.എഫ്.പി.സി.കെ./ആഗ്രോ സർവ്വീസ് സെന്ററുകൾ എന്നിവ നടത്തുന്ന വിപണന കേന്ദ്രങ്ങൾ ആണെന്നതിന്റെ രേഖകളും ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകെയറിയ്ക്ക് മറുപടി ലഭ്യമാക്കിയില്ല. അധികം നൽകിയ തുക കൺസോളിഡേറ്റഡ് ഫണ്ടിൽ തിരികെ ഒടുക്കേണ്ടതും പരാമർശിത രേഖകൾ ലഭ്യമാക്കേണ്ടതുമാണ്.

ഓഡിറ്റ് എൻകെയറി നം. 23/03.11.25

1-16 മരാമത്ത് പ്രവൃത്തികൾക്ക് വിഹിതം -പ്രോജക്ടുകളും അനുബന്ധരേഖകളും ഓഡിറ്റിന് ലഭ്യമാക്കിയില്ല

വിവിധ മരാമത്ത് പ്രവൃത്തികൾക്ക് വിഹിതം നൽകുന്നതിനായി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി ഏറ്റെടുത്ത് നടപ്പിലാക്കിയ പ്രോജക്ടുകളും അനുബന്ധ രേഖകളും ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

പ്രോജക്ട് നമ്പർ	174/25	199/25	178/25
പ്രോജക്ട് പേര്	പുളിവേലിൽ മുക്ക് കായൽ ബണ്ട് ഏലാ റോഡ് നിർമ്മാണം പടിഞ്ഞാറേ കല്ലറ ഗ്രാമപഞ്ചായത്തിന് ബ്ലോക്ക് വിഹിതം കൈമാറൽ വാർഡ് 5	എം ടി യുപിഎസ് കോണ് വിള തുമ്പിൻപുറം റോഡ് കോൺക്രീറ്റ് കുന്നത്തൂർ ഗ്രാമപഞ്ചായത്തിന് വിഹിതം കൈമാറൽ വാർഡ് 14	മാച്ചിനേഴുമുക്ക് കളവള മുക്ക് റോഡ് നവീകരണം പടിഞ്ഞാറേ കല്ലട ഗ്രാമപഞ്ചായത്തിന് ബ്ലോക്ക് വിഹിതം
അടങ്കൽ	250000/- (DVT-FUND-G)	195000 (DVT-FUND-G)	250000/- (DVT-FUND-G)

തുക			
ചെലവ് തുക	193976 (606/ 11-03-2025)	195000 (607/ 11-03-2025)	145028 (605/ 11-03-2025)

ഫയൽ ഹാജരാക്കുന്നതിനായി നൽകിയ റിക്വസിഷനും (നം. 1) പ്രോജക്ടിന്റെ രേഖകൾ വിനിയോഗ സാക്ഷ്യപത്രം ഉൾപ്പടെ ലഭ്യമാക്കുന്നതിനായി നൽകിയ എൻക്വയറിക്കും (22/3.11.25) മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ 534004 രൂപ തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.
തടസ്സം-534004 രൂപ

1-17 ബോട്ടിൽ ബൂത്തുകൾ സ്ഥാപിക്കൽ-അനുബന്ധരേഖകൾ ലഭ്യമല്ല

പ്രോജക്ട് നമ്പർ /പേര്	അടങ്കൽ തുക	ചെലവ്	സ്ഥാപനം
170/25 ബ്ലോക്ക് പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിൽ ബോട്ടിൽ ബൂത്ത് സ്ഥാപിക്കൽ	1000000/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ്- Tied)	986015/- (504/ 13-02-2025)	ARTCO

ബ്ലോക്ക് പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിൽ ബോട്ടിൽ ബൂത്ത് സ്ഥാപിക്കുന്നതിനായി സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി ലിമിറ്റഡ് ടെണ്ടർ മുഖേന 58 ബോട്ടിൽ ബൂത്തുകൾ ARTCO യിൽ (ഇൻവോയ്സ് നം 2024-25ALP/23.1.25) നിന്ന് വാങ്ങിയിട്ടുണ്ട്. തദ്ദേശ സ്ഥാപനത്തിന്റെ വിവിധ പ്രദേശങ്ങളിൽ സ്ഥാപിക്കുന്നതിനാണ് ഇവ വാങ്ങിയിട്ടുള്ളത്. പ്രോജക്ട് നിർവ്വഹണത്തിൽ കണ്ടെത്തിയ വിഷയങ്ങൾ ചുവടെ ചേർക്കുന്നു.

1. ജെം മുഖേന പർച്ചേസ് ചെയ്തിട്ടില്ല.

ജി.ഓ(പി) നം 7/19 എസ്.പി.ഡി തീ26-4-19പ്രകാരം എല്ലാ സർക്കാർ വകുപ്പുകളും 25000 രൂപയ്ക്ക് മുകളിലുള്ള എല്ലാ സാധനങ്ങളും സേവനങ്ങളും ജെം മുഖേന സമാഹരിക്കേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ടി നടപടിക്രമം പാലിച്ചിട്ടില്ല.

2. ലിമിറ്റഡ് ടെണ്ടർ മുഖേന വാങ്ങിയതിന്റെ കാരണം വ്യക്തമാക്കിയിട്ടില്ല.

3. ഏതൊക്കെ പ്രദേശങ്ങളിലാണ് ഇവ സ്ഥാപിച്ചതെന്നതിന്റെ രേഖകൾ ഫയലിൽ ലഭ്യമല്ല.

4. ആവശ്യകതാ നിർണ്ണയം നടത്തിയതിന്റെ രേഖകൾ ഫയലിൽ ലഭ്യമല്ല.

5. സ്റ്റോക്കിൽ ചേർത്തതിന്റെ രേഖകൾ ലഭ്യമല്ല.

സ്റ്റോർ പർച്ചേസ് മാന്വൽ ഖ.12.22 പ്രകാരം സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുവാൻ ബാധ്യസ്ഥനായ ഉദ്യോഗസ്ഥൻ സ്റ്റോക്ക് സ്വീകരിക്കേണ്ടതും ബില്ലിന്റെ ഓഫീസ് കോപ്പിയിൽ അവ സ്റ്റോക്കിലെടുത്തിട്ടുണ്ടെന്ന സാക്ഷ്യപത്രം രേഖപ്പെടുത്തേ ണ്ടതുമാണ്. എന്നാൽ ബോട്ടിൽ ബുത്തുകളുടെ സ്റ്റോക്ക് എൻട്രി വരുത്തിയിട്ടില്ല.
മേൽ അപാകതകൾ ചൂണ്ടിക്കാട്ടി നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. 986015/- രൂപ തടസ്സപ്പെടുത്തുന്നു. വിശദീകരണം രേഖകൾ സഹിതം ലഭ്യമാക്കി തടസം ഒഴിവാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. 19/01.11.2025
തടസം – 986015/-

1-18 കേരളോത്സവം യുവജനകമ്മീഷൻ ബോർഡിൽ നിന്നും തുക ലഭ്യമായില്ല-തനത് ഫണ്ടിൽ നിന്നും തുക ചെലവഴിച്ചു

പ്രോജക്ട് നമ്പർ	14/25
പ്രോജക്ട് പേര്	കേരളോത്സവം
അടങ്കൽ തുക	250000/- രൂപ (വികസനഫണ്ട്-150000/-, യുവജന ക്ഷേമ ബോർഡ്-100000/-)
ചെലവ്	245768 രൂപ (100000 രൂപ തനത്ഫണ്ട്- ചെക്ക്ം025154/7.12.24, 145768 രൂപ (വികസനഫണ്ട്) (BRN No-1625836/21.3.25)
നിർവ്വഹണോദ്യോഗസ്ഥൻ	സെക്രട്ടറി

മേൽ പ്രോജക്ടിന്റെ അടങ്കലായി നിശ്ചയിച്ചിരുന്നത് ഒന്നര ലക്ഷം രൂപ വികസന ഫണ്ടും (ജനറൽ) ഒരു ലക്ഷം രൂപ യുവജനക്ഷേമ ബോർഡിൽ നിന്നുള്ള ഗ്രാന്റും ആയിരുന്നു. സർക്കാർ ഉത്തരവ് (സാധാ) നം. 2151/24.LSGD തീ 11-11-24 പ്രകാരം ബ്ലോക്ക് - ജില്ലാതല കേരളോത്സവ സംഘാടനത്തിനു യുവജനക്ഷേമ ബോർഡിൽ നിന്നും തുക അനുവദിക്കുന്നതാണെന്നും ബ്ലോക്ക് പഞ്ചായത്തുകൾക്ക് കേരളോത്സവം നടത്തിപ്പിനായി 1.5 ലക്ഷം രൂപ തനത്ഫണ്ട് /വികസനഫണ്ട്

ചെലവഴിക്കാവുന്നതാണെന്നും വ്യക്തമാക്കി. എന്നാൽ കേരളാ സ്റ്റേറ്റ് യൂത്ത് വെൽഫയർ ബോർഡ് ജില്ലാ യൂത്ത് സെന്ററിന്റെ ഡി.വൈ.സി.കെ/24 തീ 20.3.25 നം കത്ത് പ്രകാരം ബ്ലോക്ക് - ജില്ലാതല കേരളോത്സവ സംഘാടനത്തിനു ബജറ്റിൽ തുക അനുവദിച്ചിട്ടില്ലാത്തതിനാൽ തൻവർഷം തുക അനുവദിക്കുവാൻ സാധിക്കുകയില്ല എന്ന് അറിയിച്ചു. ഒരു ലക്ഷം രൂപ തനത് ഫണ്ടിൽ നിന്നും മുൻകൂറായി പ്രോജക്ടിന്റെ നടത്തിപ്പിനായി നൽകുകയും ആകെ ചെലവായ 245768 രൂപയിൽ ഒരു ലക്ഷം രൂപ കഴിച്ച് ബാക്കി 145768 രൂപ വികസന ഫണ്ട് ജനറൽ നിന്നും നൽകുകയും ചെയ്തു. 95768 രൂപ തനത്ഫണ്ടിൽ നിന്നും ചെലവഴിച്ചെങ്കിലും ആയത് റീകൂപ്പ് ചെയ്തിട്ടില്ല. മേൽ വിഷയം സംബന്ധിച്ച് നൽകിയ എൻകെയറിക്ക് (4/30.10.25) മറുപടി ലഭ്യമാക്കിയിട്ടില്ല. തനത് ഫണ്ടിൽ നിന്നുള്ള ചെലവ് 100000/- രൂപ തടസ്സപ്പെടുത്തുന്നു. യുവജന കമ്മീഷൻ ബോർഡിൽ നിന്നും തുക ലഭ്യമാക്കി തനത്ഫണ്ടിലേക്ക് റീകൂപ്പ് ചെയ്ത് വിവരം അറിയിക്കേണ്ടതും തടസം ഒഴിവാക്കേണ്ടതുമാണ്.

തടസ്സപ്പെടുത്തുന്ന തുക- 100000/- രൂപ
ഓഡിറ്റ് എൻകെയറി നം. – 4/30.10.25

1-19 നൈപുണ്യ വികസനവും വിപണനകേന്ദ്രവും-സംയുക്ത പ്രോജക്ടുകൾ നടപ്പിലാക്കുമ്പോൾ പദ്ധതി മാർഗ്ഗരേഖ പ്രകാരമുള്ള നടപടിക്രമം പാലിച്ചിട്ടില്ല

പ്രോജക്ട് നമ്പർ /പേര്	അടങ്കൽ തുക	ചെലവ്	ബിൽ നമ്പർ/ തീയതി	സ്ഥാപനം
211/25 നൈപുണ്യ വികസനവും വിപണന കേന്ദ്രവും ശാസ്താംകോട്ട ഗ്രാമപഞ്ചായത്തിന് വിഹിതം	2000000/- രൂപ (SCP)	2000000/- (SCP)	231/28-10-24_422354/-	ശാസ്താംകോട്ട ഗ്രാമപഞ്ചായത്ത്
			442/ 23-01-2025-577646/-	
			637/ 15-03-2025-618737/-	
			715/ 25-03-2025-381263./-	

സെക്രട്ടറി നിർവ്വഹണം നടത്തിയ മേൽ പ്രോജക്ടിൽ നൈപുണ്യ വികസനത്തിനും വിപണന കേന്ദ്രത്തിനുമായി 2000000/- രൂപ ശാസ്താംകോട്ട ഗ്രാമപഞ്ചായത്തിന് ബ്ലോക്ക് വിഹിതം ആയി നൽകിയിട്ടുണ്ട്. ടി പ്രോജക്ട് പൂർണ്ണമായും എസ്.സി വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കൾക്കാണെന്ന് ഉറപ്പാക്കിയിട്ടുള്ളതായി പ്രോജക്ടിൽ രേഖപ്പെടുത്തിയിരിക്കുന്നു. പ്രോജക്ട് നടത്തിപ്പുമായി ബന്ധപ്പെട്ട രേഖകൾ, എസ്.സി വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കൾക്കാണ് ഇതിന്റെ പ്രയോജനം ലഭിച്ചത് എന്ന് തെളിയിക്കുന്ന രേഖകൾ, കരാർ രേഖകൾ, വിഹിതം ആസൂത്രണ സമിതി നിശ്ചയിച്ചതിന്റെ രേഖകൾ ഇവ ലഭ്യമാക്കിയിട്ടില്ല.

പദ്ധതി മാർഗ്ഗരേഖ ഖ 3-5-4 പ്രകാരം സംയുക്ത പ്രോജക്ടുകൾ നടപ്പിലാക്കുമ്പോൾ പ്രോജക്ടിൽ ഉൾപ്പെടുന്ന തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങൾ പരസ്പരം വ്യക്തമായ നിബന്ധനകൾ ഉൾപ്പെടുത്തിയ ഒരു കരാറിൽ ഏർപ്പെടേണ്ടതും വിശദമായ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ പ്രോജക്ട് നടപ്പാക്കുന്ന സ്ഥാപനത്തിന് കരാർ പ്രകാരമുള്ള തുക കൈമാറേണ്ടതുമാണ്. എന്നാൽ പ്രസ്തുത പ്രോജക്ടുകളുടെ തുകകൾ കൈമാറുന്നതിനു മുൻപ് ഏർപ്പെട്ട കരാർ, പ്രവൃത്തിയുടെ എസ്റ്റിമേറ്റ് എന്നിവ പരിശോധനയ്ക്കായി ആവശ്യപ്പെട്ടെങ്കിലും (ഓഡിറ്റ് അന്വേഷണകുറിപ്പ് നം. 18/1-11-25) ആയവ ലഭ്യമാക്കുകയോ മറുപടി ലഭ്യമാക്കുകയോ ചെയ്തിട്ടില്ല. പ്രോജക്ടുകളുടെ പൂർത്തീകരണം, തുകയുടെ വിനിയോഗം, പ്രോജക്ട് ലക്ഷ്യം കൈവരിച്ചതിന്റെ വിവരം എന്നിവയും ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ₹2000000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. മേൽ അപാകതകൾക്ക് കൃത്യമായ വിശദീകരണം ലഭ്യമാക്കിയും പ്രോജക്ട് ലക്ഷ്യം കൈവരിച്ചതിന്റെ രേഖകൾ ലഭ്യമാക്കിയും ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.
തടസ്സപ്പെടുത്തുന്ന തുക – ₹2000000/-

1-20 വിനിയോഗസാക്ഷ്യപത്രം ലഭ്യമല്ല - 9577471/- രൂപ തടസ്സപ്പെടുത്തുന്നു

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെപ്പറയുന്ന പ്രോജക്ടുകളുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല.

പ്രോജക്ട് നമ്പർ/പേര്	അടങ്കൽ തുക	ചെലവ്	സ്ഥാപനം	റിമാർക്സ്
183/25 മൊബൈൽ മാലിന്യ സംസ്ക്കരണം	100000 തനത്ഫണ്ട്	100000 (ബിൽ നം 727/ 27-03-2025)	ജില്ലാ പഞ്ചായത്ത്	വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല

227/25 ജീവനം വിഹിതം നൽകൽ	300000 DVT-G	300000 (ബിൽ നം 361/ 1-01-2025)	ജില്ലാ പഞ്ചായത്ത്	വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല
204/25 എ.ബി.സി. സെന്റർ വിഹിതം നൽകൽ	300000 തനത്ഫണ്ട്	10000O (ബിൽ നം728/ 27-03-2025)	ജില്ലാ പഞ്ചായത്ത്	വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല
248/25 വലിപാഠം സബ്സെന്റർ ഭൂമി വാങ്ങൽ പടിഞ്ഞാറെ കല്ലട ഗ്രാമപഞ്ചായത്തിന് വിഹിതം നൽകൽ	200000 രൂപ (വികസന-ജനറൽ, ധനകാര്യ കമ്മീഷൻ ഗ്രാന്റ്)	100000 രൂപ (ബിൽ നം714/ 25-03-2025)	പടിഞ്ഞാറെകല്ലട ഗ്രാമപഞ്ചായത്ത്	വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല
9/25 അതിദാരിദ്ര്യ നിർമ്മാർജ്ജനം	200000/- (വികസന-ജനറൽ)	165421 (199,200/10-10-24 317, 318/18-12-24)	ഏതൊക്കെ ഗ്രാമപഞ്ചായത്തുകൾക്കാണ് വിഹിതം നൽകിയതെന്നുള്ള വിവരം ഫയലിൽ ലഭ്യമല്ല	വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല
149/25 ലൈഫ് ഭവന പദ്ധതി എസ്.സി-ഗ്രാമപഞ്ചായത്തുകൾക്ക് വിഹിതം നൽകൽ	5670000 SCP	5670000 (ബിൽ നം135/ 12-09-2024, 136, 137, 138, 139, 140, 141, 142/ 12-09-2024, 158/ 20-09-2024, 160/ 25-09-2024, 175/ 30-09-2024)	ഏതൊക്കെ ഗ്രാമപഞ്ചായത്തുകൾക്കാണ് വിഹിതം നൽകിയതന്നുള്ള വിവരം ഫയലിൽ ലഭ്യമല്ല	വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല
150/25 ലൈഫ് ഭവന പദ്ധതി ജനറൽ ഗ്രാമപഞ്ചായത്തുകൾക്ക് വിഹിതം നൽകൽ	2025000 (വികസന-ജനറൽ)	1744260/- (144,145/ 12-09-2024, 148/12-09-2024)	ഏതൊക്കെ ഗ്രാമപഞ്ചായത്തുകൾക്കാണ് വിഹിതം നൽകിയതന്നുള്ള വിവരം ഫയലിൽ ലഭ്യമല്ല	വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല
17/25 പാലിയേറ്റീവ് കെയർ പ്രൈമറി പദ്ധതി - ഗ്രാമപഞ്ചായത്തുകൾക്ക് വിഹിതം നൽകൽ	1299999 (വികസന-ജനറൽ)	1223523/- (ബിൽ നം 137/ 12-09-2024 148/ 13-09-24, 299, 300, 301/12.12.24 380, 381 /4.1.25 393/8.1.25 542, 543,544/6.3.25, 602, 603/11.3.25)	ഏതൊക്കെ ഗ്രാമപഞ്ചായത്തുകൾക്കാണ് വിഹിതം നൽകിയതന്നുള്ള വിവരം ഫയലിൽ ലഭ്യമല്ല	വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല
21/25 ബഡ്സ് സ്ക്കൂളുകളുടെ ചെലവുകൾ-വിഹിതം നല്കൽ	174267 (വികസന ഫണ്ട് ജനറൽ)	174267 (ബിൽ നം 134/12.9.24)	ഏതൊക്കെ ഗ്രാമ പഞ്ചായത്തുകൾക്കാണ് വിഹിതം നൽകിയതന്നുള്ള വിവരം ഫയലിൽ ലഭ്യമല്ല	വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല
	ആകെ	9577471/- രൂപ		

മേൽ വിഷയം സംബന്ധിച്ച് നൽകിയ എൻകുയറി (നം6,7/30.10.25) ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

രേഖകളുടെ അഭാവത്തിൽ 9577471/-രൂപ തടസ്സപ്പെടുത്തുന്നു. അനുബന്ധ രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

1-21 ട്രാഫിക്ക് കോൺവെക്സ് മിറർ സ്ഥാപിക്കൽ-ബ്ലോക്കിന്റെ ചുമതലയിൽ ഉൾപ്പെടാത്ത പ്രോജക്ട് നടപ്പിലാക്കി

പ്രോജക്ട് നമ്പർ /പേര്	അടങ്കൽ തുക	ചെലവ്	സ്ഥാപനം/
211/25 റോഡുകളിലെ വളവുകളിൽ അപകടങ്ങൾ ഒഴിവാക്കുവാൻ ട്രാഫിക്ക് കോൺവെക്സ് മിറർ സ്ഥാപിക്കൽ	725000/- (525000- വികസനഫണ്ട്- ജനറൽ, 200000 -ധനകാര്യ കമ്മീഷൻ ഗ്രാന്റ്)	725000/- (701510777/- 12.3.25- 500000/-) (723/ 27-03-25-200000/- (675/ 23-03-25-25000/-)	Hytech Trading Company

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ മേൽ പ്രോജക്ടിൽ ഉൾപ്പെടുത്തി റോഡുകളിലെ വളവുകളിൽ അപകടങ്ങൾ ഒഴിവാക്കുവാൻ ട്രാഫിക്ക് കോൺവെക്സ് മിറർ സ്ഥാപിക്കുന്നതിനായി കവട്ടേഷൻ മുഖേന Hytech Trading Company എന്ന സ്ഥാപനത്തിൽ നിന്ന് 58 മിററുകൾ വാങ്ങിയിട്ടുണ്ട്. പ്രോജക്ട് നടത്തിപ്പിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. മിററുകൾ സ്റ്റോക്കിലെടുത്തതിന്റേയും സ്ഥാപിച്ചതിന്റേയും വിവരങ്ങൾ ലഭ്യമല്ല. ആയതിനാൽ കോൺവെക്സ് മിററുകൾ ഏതൊക്കെ സ്ഥലങ്ങളിലാണ് സ്ഥാപിച്ചിരിക്കുന്നത് എന്നത് ബോധ്യപ്പെടാൻ കഴിഞ്ഞിട്ടില്ല.

2. പതിനാലാം പദ്ധതി മാർഗ്ഗരേഖ (സ.ഉ(കൈ) നം 84/22തീ 19.4.22) പ്രകാരം തദ്ദേശ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള റോഡിന്റെ സുരക്ഷാ മാനദണ്ഡ പ്രകാരമുള്ള സൗകര്യങ്ങൾ ഉറപ്പാക്കുന്നതിനുള്ള സംവിധാനങ്ങൾ ബന്ധപ്പെട്ട സ്ഥാപനങ്ങൾക്ക് നടപ്പാക്കാവുന്നതാണ്. എന്നാൽ ബ്ലോക്ക് പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള റോഡുകളിലാണ് ഇവ സ്ഥാപിച്ചതെന്ന് ഉറപ്പാക്കാനുള്ള രേഖകൾ ലഭ്യമാക്കിയിട്ടില്ല. തദ്ദേശ സ്വയം ഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിന്റെ 2.2.23 ലെLIDEW/480/2022-DB1 സർക്കുലർ പ്രകാരം തദ്ദേശ സ്ഥാപനങ്ങളുടെ പരിധിയിൽ വരുന്ന റോഡുകളിൽ റോഡ് ഫർണിച്ചറുകൾ വാങ്ങുന്നതിനുള്ള ഇനങ്ങൾ പഞ്ചായത്തിന്റെ വാർഷിക പദ്ധതി എസ്റ്റിമേറ്റിൽ ഉൾപെടുത്താവുന്നതാണ് എന്ന് വ്യക്തമാക്കുന്നു. എന്നാൽ ബ്ലോക്ക് പഞ്ചായത്ത് എഞ്ചിനീയറിംഗ് വിഭാഗം തയ്യാറാക്കിയ എസ്റ്റിമേറ്റ് പ്രകാരമാണ് പ്രവൃത്തി നിർവ്വഹണം നടത്തിയത്.

3. ഇൻസ്റ്റലേഷൻ സർട്ടിഫിക്കറ്റ്, വാറന്റി ഉറപ്പാക്കിയതിന്റെ രേഖകൾ ലഭ്യമല്ല.

4. ജെം മുഖേന പർച്ചേസ് നടത്താതെ വാങ്ങൽ നടത്തിയതിന് വിശദീകരണം നൽകേണ്ടതാണ്.

മേൽ വിഷയങ്ങൽ സംബന്ധിച്ച് നൽകിയ എൻകവയറിക്ക് (നം. 12/30.10.25) മറുപടി ലഭ്യമാക്കിയിട്ടില്ല. ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലയിൽ ഉൾപ്പെടാത്ത പ്രോജക്ട് നടപ്പിലാക്കിയതിനാൽ ഈയിനത്തിൽ ചെലവഴിച്ച 725000/- രൂപ തടസ്സപ്പെടുത്തുന്നു.

തടസ്സം-725000/- രൂപ

1-22 മൈനാഗപ്പള്ളി സി,എച്ച്.സി മരുന്ന് വാങ്ങുന്നതിനായി കേരളാ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡിന് തുക നൽകിയെങ്കിലും മരുന്ന്/ ഉപകരണങ്ങൾ പൂർണ്ണമായും ലഭ്യമായിട്ടില്ല

മൈനാഗപ്പള്ളി സി,എച്ച്.സി മെഡിക്കൽ ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെപ്പറയുന്ന പ്രോജക്ടുകൾ പ്രകാരം മരുന്നുകൾ വാങ്ങുന്നതിനായി കേരളാ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡിന് തുക നൽകിയെങ്കിലും മരുന്ന്/ഉപകരണങ്ങൾ പൂർണ്ണമായും ലഭ്യമായിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പ്രോജക്ട് നം./പേര്	**നൽകിയ തുക₹**	**പ്രെഫോർമ ഇൻവോയ്സ്/ ബിൽ നം./ തീയതി**	**ലഭ്യമായ മരുന്ന്/ ഉപകരണങ്ങൾ**	**ലഭ്യമാക്കാൻ അവശേഷിക്കുന്ന മരുന്നിന്റെ വില₹**
78/25 സെക്കണ്ടറി പാലിയേറ്റീവ് കെയർ	304799/-	PRF5085/16.3.24 BILL No-155429 Dt 14.5..24-	268074	36725
30/25 പാലിയേറ്റീവ്	119394	PRF1563/17.10.24	109460	9934

ഉപകരണങ്ങൾ	300000	BILL No-796119 Dt 18.10..24- PRF2206/27.11.24 BILL No-120450 Dt 21.10..24-	188957	111043
22/25 മരുന്ന് വാങ്ങൽ	300000	PRF1599/18.10.24 BILL No-804252 Dt 21.10..24-	217624	82376
			ആകെ	240078/-

മരുന്ന് ലഭ്യമാകുന്ന മുറയ്ക്ക് സ്റ്റോക്കിലെടുത്ത് വിവരം അറിയിക്കുന്നതാണെന്ന് മരുന്നുകൾ ലഭ്യമാക്കുന്നതിന് സ്വീകരിച്ച തുടർ നടപടികളുടെ വിവരം ലഭ്യമാക്കുന്നതിനായി നൽകിയ എൻകെയറി (17 /1.11.25) ക്ക് മറുപടിയായി അറിയിച്ചു. ലഭ്യമാക്കാത്ത മരുന്ന്/ഉപകരണങ്ങളുടെ വില 240078/- തടസപ്പെടുത്തുന്നു. മരുന്നുകൾ ലഭ്യമാക്കി തടസം ഒഴിവാക്കേണ്ടതാണ്.
തടസം – 240078/-
ഓഡിറ്റ് എൻകെയറി നം. – 17/1.11.25

1-23 ശാസ്താംകോട്ട താലൂക്ക് ഹോസ്പിറ്റൽ-കേരളാ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡിന് തുക നൽകിയെങ്കിലും മരുന്ന് പൂർണ്ണമായും ലഭ്യമായിട്ടില്ല.

മെഡിക്കൽ ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെപ്പറയുന്ന പ്രോജക്കുകൾ പ്രകാരം മരുന്നുകൾ/ഉപകരണങ്ങൾ വാങ്ങുന്നതിനായി കേരളാ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡിന് തുക നൽകിയെങ്കിലും മരുന്ന് പൂർണ്ണമായും ലഭ്യമായിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പ്രോജക്ട് നം./പേര്	നൽകിയ തുക₹	പ്രെഫോർമ ഇൻവോയ്സ്/ ബിൽ നം./ തീയതി	ലഭ്യമായ മരുന്ന്	ലഭ്യമാക്കാൻ അവശേഷിക്കുന്ന മരുന്നിന്റെ വില₹
62/25 ഫിസിയോ തെറാപ്പി ഉപകരണങ്ങൾ വാങ്ങൽ	220267	PRF2348/6.12.24 BILL No-969116 Dt 30.11..24-	19713	200554
47/25 മരുന്ന് വാങ്ങൽ	2500000	PRF2186/15.11.24 BILL No-969116 Dt 30.11..24-	516357	1983643
42/25, Purchase Of Dialysis Consumables	44849	PRF3268/28.1.25 BILL No-1255865 Dt 31.1..25-	28385	16464
	52181	PRF2553/18.12.24- BILL No-1571731 Dt 18.3.25-		52181
	199243	PRF2553/18.12.24- BILL No-82328 Dt 23.12.24-199243	0	199243
	265113	PRF1675/21.10.24- BILL No-828531 Dt 28.10.24-292826	0	265113
	27713	PRF1046/31.8.24- BILL No-828531 Dt 28.10.24-292826	0	27713
	58520	PRF4465/18.3.25 BILL No-1600910 Dt 20.3.25	17696	40824
	89402	BILL No-1048377 Dt 17.12.24	0	89402

		PRF2408/9.12.24		
	107936	PRF2409/9.12.24 BILL No-1048377 Dt 17.12.24	0	107936
			ആകെ	2983073

മരുന്നുകൾ ലഭ്യമാക്കുന്നതിന് സ്വീകരിച്ച തുടർ നടപടികളുടെ വിവരം ലഭ്യമാക്കുന്നതിനായി നൽകിയ എൻകെയറിക്ക് (നം. 16/01-11-2025) മറുപടി ലഭ്യമാക്കിയിട്ടില്ല. ലഭ്യമാക്കാത്ത മരുന്നുകളുടെ വില 2983073/- രൂപ തടസപ്പെടുത്തുന്നു. മരുന്നുകൾ ലഭ്യമാക്കി തടസം ഒഴിവാക്കേണ്ടതാണ്.
തടസം – 2983073/-
ഓഡിറ്റ് എൻകെയറി – 16/1.11.25

1-24 ജനറൽ കമ്മിറ്റി മിനിട്ട്സ് സമയബന്ധിതമായി അംഗീകാരം നൽകാത്തത് സംബന്ധിച്ച്.

1995-ലെ കേരള പഞ്ചായത്ത് രാജ് (പഞ്ചായത്തിന്റെ യോഗ നടപടിക്രമം ചട്ടങ്ങളിലെ) ചട്ടം 26(8) പ്രകാരം യോഗം കഴിഞ്ഞ് മൂന്നു ദിവസത്തിനകം സെക്രട്ടറി മിനിട്ട്സ് തയ്യാറാക്കി പ്രസിഡന്റിന്റെ അംഗീകാരത്തിനായി സമർപ്പിക്കേണ്ടതുണ്ട്. എന്നാൽ ഭരണസമിതി യോഗങ്ങളുടെ നടപടിക്രമങ്ങൾ പരിശോധിച്ചതിൽ മിനിട്ട്സ് തയ്യാറാക്കി പ്രസിഡന്റിന്റെ അംഗീകാരത്തിനായി സമർപ്പിക്കുന്നത്തിൽ സമയപരിധി പാലിക്കുന്നില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

ക്രമ നം	യോഗ തീയതി	സെക്രട്ടറി അംഗീകാരത്തിനായി അയച്ച തീയതി	അദ്ധ്യക്ഷൻ അപ്രൂവ് ചെയ്ത തീയതി
1	18.04.24	13.05.24	13.05.24
2	14.05.24	07.06.24	07.06.24
3	10.06.24	16.07.24	16.07.24
4	21.06.24	09.08.24	09.08.24
5	17.07.24	09.08.24	09.08.24
6	12.08.24	06.09.24	06.09.24
7	22.07.24	06.09.24	06.09.24
8	29.08.24	06.09.24	06.09.24
9	07.09.24	25.09.24	25.09.24
10	26.09.24	09.10.24	09.10.24
11	10.10.24	22.10.24	22.10.24
12	23.10.24	07.11.24	07.11.24
13	08.11.24	22.11.24	22.11.24
14	12.11.24	07.12.24	07.12.24
15	23.11.24	07.12.24	07.12.24
16	09.12.24	23.12.24	23.12.24
17	07.12.24	20.01.25	20.01.25
18	24.12.24	08.01.25	08.01.25
19	09.01.25	23.01.25	23.01.25
20	04.01.25	20.01.25	20.01.25
21	15.01.25	02.05.25	02.05.24
22	24.01.25	11.02.25	11.02.25
23	12.02.25	07.03.25	07.03.25
24	27.02.25	20.05.25	20.05.25
25	28.02.25	21.07.25	21.07.25
26	07.03.25	17.03.25	17.03.25
27	17.03.25	07.04.25	07.04.25

മേൽ അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻകെയറിക്ക് ശാസ്താംകോട്ട ബ്ലോക്ക് പഞ്ചായത്തിലെ എല്ലാ കമ്മിറ്റികളുടേയും മിനിട്ട്സ് നിലവിൽ പ്രസിഡണ്ടിന്റെ അംഗീകാരത്തിന് അയച്ച് അംഗീകാരം വാങ്ങി തീർപ്പാക്കിയിട്ടുള്ളതാണെന്ന്

അറിയിച്ചിട്ടുണ്ട്. കേരള പഞ്ചായത്ത് രാജ് (പഞ്ചായത്തിന്റെ യോഗ നടപടിക്രമം ചട്ടങ്ങളിലെ) ചട്ടം 26(8) അനുശാസിക്കും വിധം സമയബന്ധിതമായി മിനിട്ട്സ് അംഗീകരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

ഓഡിറ്റ് എൻകെയറി നംപർ 03/29.10.25

1-25 വിതരണം ചെയ്യാത്ത 4 വാട്ടർ പ്യൂരിഫയറുകൾക്ക് ഇൻസ്റ്റലേഷൻ ചാർജ്ജും സാധന വിലയും നല്കി

പ്രോജക്ട് നം	31/25, അംഗനവാടികളിൽ ശുദ്ധജലത്തിനായി വാട്ടർ പ്യൂരിഫയർ സ്ഥാപിക്കൽ
അടങ്കൽ തുക	800000/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ്
ചെലവ് തുക	*793466 (XVFC/24-25/P/86തീ 13.2.25-499936/-, XVFC/24-25/P/97തീ 20.3.25-142780/- ,XVFC/24-25/P/104തീ 24.3.25-150750/-)

*(ചെലവ് തുക- സുലേഖ പ്രകാരം 791046 രൂപയാണെങ്കിലും ബിൽ പ്രകാരമുള്ള യഥാർത്ഥ ചെലവ് 793466 രൂപയാണ്)

മേൽ പ്രോജക്ടിൽ ഉൾപ്പെടുത്തി സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി അംഗനവാടികളിൽ ശുദ്ധജലത്തിനായി വാട്ടർ പ്യൂരിഫയർ സ്ഥാപിക്കുന്നതിനായി 793466 രൂപ ചെലവഴിച്ചിട്ടുണ്ട്. ജെം മുഖേന ഐടി പ്രൊഫഷണൽ സൊസൈറ്റി എന്ന സ്ഥാപനത്തിൽ നിന്നും 45വാട്ടർ പ്യൂരിഫയർ വാങ്ങിയിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

ഇൻവോയ്സ് നം	എണ്ണം	തുക
IT/24-25L453 18.12.24	35	499936
IT/24-25L721 തീ30.2.25	10	142780

വിതരണ രേഖകൾ പ്രകാരം 41 എണ്ണം മാത്രമേ അംഗനവാടികളിൽ വിതരണം ചെയ്തിട്ടുള്ളൂ. ആയത് സംബന്ധിച്ച് നൽകിയ എൻകെയറിക്ക് (12/30-10-2025) മറുപടിയായി 4 എണ്ണം ഓഫീസിൽ സൂക്ഷിച്ചിട്ടുണ്ട് എന്ന് അറിയിച്ചു. ഫയൽ പരിശോധിച്ചതിൽ കമ്മട്ടേഷൻ മുഖേന വാട്ടർ പ്യൂരിഫയർ സ്ഥാപിക്കുന്നതിനായി ശ്രീ. വിമൽരാജിന് യൂണിറ്റ് ഒന്നിന് 3350/- രൂപ ക്രമത്തിൽ 45 വാട്ടർ പ്യൂരിഫയറുകൾക്കായി 150750/- രൂപ (XVFC/24-25/P/104 തീ 24.3.25) നൽകിയിട്ടുണ്ട്.(സാധനങ്ങളുടെ വിലയിനത്തിൽ 73270/- രൂപയും തൊഴിൽ കൂലിയിനത്തിൽ 77480/- രൂപയും നൽകി) 4 എണ്ണം വിതരണം ചെയ്യാതെ ഓഫീസിൽ സൂക്ഷിച്ചിട്ടുള്ളതിനാൽ 4 വാട്ടർ പ്യൂരിഫയർ സ്ഥാപിക്കുന്നതിനായി 13400/- രൂപ ശ്രീ. വിമൽരാജിന് അധികം നൽകിയിട്ടുണ്ട്.മേൽ വിഷയവുമായി ബന്ധപ്പെട്ട് നൽകിയ എൻകെയറിക്ക് (21/03-11-2025) മറുപടി ലഭ്യമാക്കിയിട്ടില്ല. അധികം നൽകിയ തുക തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

നിരാകരിക്കുന്ന തുക-13400/- രൂപ

1-26 ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി നടപ്പാക്കിയ പദ്ധതികൾ- മാർഗ്ഗ നിർദ്ദേശങ്ങൾ മറികടന്ന് ARTCO യെ വിവിധ പ്രവൃത്തികൾ ഏല്പിച്ചു നൽകി- ₹ 6261648/- രൂപ തടസ്സപ്പെടുത്തുന്നു.

2024-25 സാമ്പത്തികവർഷം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി ഏറ്റെടുത്ത 5 പ്രോജക്ടുകൾ ARTCO മുഖേനയാണ് നിർവ്വഹണം നടത്തിയത്. ഫയൽ പരിശോധിച്ചതിൽ അതിൽ പല പ്രോജക്ടുകളിലും സർക്കാർ ഉത്തരവുകളും നിർദ്ദേശങ്ങളും മറികടന്ന് ARTCO എന്ന ഏജൻസിയെ പ്രവൃത്തി നിർവ്വഹണം ഏല്പിക്കുകയാണ് ചെയ്തത് . ഏറ്റെടുത്ത പ്രോജക്ടുകളിലെ പ്രധാന അപാകതകൾ ചുവടെ ചേർക്കുന്നു.

1. അക്രഡിറ്റഡ് ഏജൻസികൾ മുഖേനയുള്ള പ്രവൃത്തി നിർവ്വഹണവുമായി ബന്ധപ്പെട്ട് സർക്കാർ പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങളിൽ (ജി.ഒ (പി)67/2021/Fin/28.4.21,ജി.ഒ (പി)7/2022/Fin/17.1.22) ഏജൻസിയുടെ തെരെഞ്ഞെടുപ്പ് സുതാര്യമായ ടെണ്ടർ നടപടികളിലൂടെയാകണം എന്ന് നിഷ്ക്കർഷിച്ചിരുന്നു.

കൂടാതെ മേൽ ഏജൻസിയ്ക്ക് അംഗീകാരം ഏതു പ്രവൃത്തികൾക്കാണ് എന്ന് പരിശോധിച്ച് അക്രഡിറ്റേഷൻ നിലവിലുള്ള പ്രവൃത്തികൾ മാത്രമേ ഏറ്റെടുക്കാവൂ എന്നും നിർദ്ദേശിച്ചിരുന്നു. എന്നാൽ മേൽ ഉത്തരവുകളിലെ നിബന്ധനകൾ പാലിക്കാതെയാണ് ARTCOയ്ക്ക് പ്രോജക്ട് നിർവ്വഹണം ഏല്പിച്ചു നൽകിയത്.

2. GO(Rt)20/2023/SPD/24.2.2023,GO(Rt)30/2024/SPD/7.3.2024 ഇവ പ്രകാരം റേറ്റ് കോൺട്രാക്ട്

അടിസ്ഥാനത്തിൽ ടെണ്ടർ നടപടി കൂടാതെ സ്റ്റീൽ/തടി ഫർണിച്ചറുകൾ, ഹോസ്പിറ്റൽ ഫർണിച്ചർ എന്നിവ സപ്ലൈ ചെയ്യാൻ ARTCO യെ അനുവദിച്ച് ഉത്തരവായി (6.3.2025 വരെ പ്രാബല്യം). ഈ ഉത്തരവിൽ സപ്ലൈ ചെയ്യാവുന്ന ഇനങ്ങളുടെ വില നിശ്ചയിച്ചു നൽകിയിരുന്നു. എന്നാൽ മേൽ ലിസ്റ്റ് പ്രകാരം ടെണ്ടർ നടപടി കൂടാതെ വാങ്ങാൻ അനുവദിച്ച ഇനങ്ങളല്ല പരാമർശിത പ്രോജക്ടുകൾ പ്രകാരം വാങ്ങിയത്.

3. GO(P)104/2022/Fin/2.9.2022 പ്രകാരം പൊതുമരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിന് അക്രഡിറ്റേഷൻ നൽകിയ ഏജൻസികളുടെ ലിസ്റ്റ് പ്രസിദ്ധീകരിച്ച് ഉത്തരവായിരുന്നു. ഉത്തരവ് തീയതി മുതൽ രണ്ട് വർഷക്കാലത്തേക്കായിരുന്നു അക്രഡിറ്റേഷൻ. എന്നാൽ മേൽ ഉത്തരവിൽ പൊതുമരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിന് ARTCO യ്ക്ക് അക്രഡിറ്റേഷൻ നൽകിയിട്ടില്ല. എന്നാൽ ബ്ലോക്ക് പഞ്ചായത്തിൽ പൊതുമരാമത്ത് പ്രവൃത്തികളും ടെണ്ടർ നടപടി സ്വീകരിക്കാതെ ARTCOയെ ഏല്പിച്ചു.ബ്ലോക്ക് പഞ്ചായത്ത് എഞ്ചിനീയറിംഗ് വിഭാഗം മേൽ പ്രവൃത്തികളുടെ മേൽനോട്ടംവഹിച്ച് മൂല്യം നിർണ്ണയിച്ചിട്ടില്ല.

4. തദ്ദേശ ഭരണസ്ഥാപനങ്ങൾ നടത്തുന്ന ഇലക്ട്രിക്കൽ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കൽ, സാങ്കേതികാനുമതി, മേൽനോട്ടം എന്നിവ എങ്ങനെയാകണം എന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ സർക്കാർ ഉത്തരവ് (സാധാ)2878/2015/ത.സ്വ.ഭ.വ, തീയതി 22.9.2015 പ്രകാരം പുറപ്പെടുവിച്ചിരുന്നു. ഇതിൻ പ്രകാരം തദ്ദേശഭരണവകുപ്പ് ചുമതലപ്പെടുത്തുന്ന പാനലിലുള്ള എഞ്ചിനീയർമാർക്കായിരുന്നു എസ്റ്റിമേറ്റ് തയ്യാറാക്കൽ, സാങ്കേതികാനുമതി നൽകൽ, മേൽനോട്ടം, മെഷർമെന്റ് രേഖപ്പെടുത്തൽ, ബിൽ തയ്യാറാക്കൽ എന്നിവയുടെ ചുമതല. എന്നാൽ ഈ ഉത്തരവിനെ മറികടന്ന് എസ്റ്റിമേറ്റ് തയ്യാറാക്കലിൽ തുടങ്ങി ഇലക്ട്രിക്കൽ പ്രവൃത്തി നിർവ്വഹണത്തിന്റെ എല്ലാ ഘട്ടങ്ങളും ARTCO യെ ചുമതലപ്പെടുത്തി പ്രവൃത്തി നിർവ്വഹിച്ചു.

5. ജി.ഒ(പി)7/19/SPD/26.4.2019 പ്രകാരം എല്ലാ സർക്കാർ വകുപ്പുകളുടേയും 25000/-രൂപയ്ക്ക് മുകളിലുള്ള സാധനങ്ങളും സേവനങ്ങളും ജെം മുഖേന സമാഹരിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിരുന്നു. എന്നാൽ മേൽ ഉത്തരവ് മറികടന്നാണ് ടെണ്ടർ നടപടികൾ പാലിക്കാതെ പ്രോജക്ട് നിർവ്വഹണം ARTCOയെ ഏല്പിച്ചു നൽകിയത്.

6. റേറ്റ് കോൺട്രാക്ട് നൽകിയ ഏജൻസികൾക്ക് സപ്ലൈ ചെയ്യാവുന്ന ഇനങ്ങൾക്കുള്ള പരമാവധി വില നിശ്ചയിച്ചുകൊണ്ടാണ് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നത്. എന്നാൽ ടെണ്ടർ നടപടികൾ കൈക്കൊണ്ട് മത്സരാധിഷ്ഠിത ടെണ്ടറിലൂടെ പ്രവർത്തികൾ നടപ്പാക്കേണ്ടതിനു പകരം ടെണ്ടർ നടപടികൂടാതെ ARTCO കാട്ട് ചെയ്ത തുകയ്ക്ക് പ്രവർത്തി ഏല്പിച്ചു നൽകുകമൂലം നിരക്കുകളുടെ താരതമ്യപഠനം സാധ്യമാകാതെ വന്നു. ഇത്തരത്തിൽ അധിക ചെലവുണ്ടായി. ഇ-ടെണ്ടർ ചെയ്യേണ്ട പ്രവർത്തികൾ ഉൾപ്പെടെ ഇപ്രകാരം നടപടിക്രമങ്ങൾക്കു വിരുദ്ധമായി ഏല്പിച്ചുനൽകി.

മേൽ അപാകതകൾ കണ്ടെത്തിയ പ്രോജക്ട് വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1) പ്രോജക്ട് നം-എസ്.ഒ.171/25 ശാസ്താംകോട്ട പ്രീ മെട്രിക്ക് ഹോസ്റ്റലിൽ ഓപ്പൺ ജിംനേഷ്യം

അടങ്കൽ – 10,00,000/- (വികസന ഫണ്ട് - എസ് സി പി)

ചെലവ് – 9,99,545/- (UTR No RBI0852530683183/ 23.03.25)

മേൽ പദ്ധതി പ്രകാരം ശാസ്താംകോട്ട പ്രീ മെട്രിക്ക് ഹോസ്റ്റലിൽ ഓപ്പൺ ജിംനേഷ്യവും അനുബന്ധ സൗകര്യങ്ങളും ഒരുക്കുവാനാണ് പദ്ധതി വിഭാവനം ചെയ്തിരുന്നത്. ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. പ്രോജക്ട് പ്രകാരം പ്രവൃത്തി നിർവ്വഹണം നടത്താനുദ്ദേശിച്ചത് അക്രഡിറ്റഡ് ഏജൻസി മുഖേനയായിരുന്നു. എന്നാൽ മേൽ വാങ്ങലുകൾക്കായി ഇ-ടെണ്ടർ ക്ഷണിക്കുന്നതിന് പകരം ലിമിറ്റഡ് ടെണ്ടർ വിളിച്ച് ഈ ഇനങ്ങളിൽ അക്രഡിറ്റേഷൻ ഇല്ലാത്ത ARTCOയ്ക്ക് പ്രവൃത്തി ഏല്പിച്ചു നൽകി.

2. തദ്ദേശ സ്ഥാപനങ്ങളുടെ സാധനങ്ങളുടേയും സേവനങ്ങളുടേയും സമാഹരണം ജെം പോർട്ടൽ മുഖേനയാകണമെന്ന് സർക്കാർ നിർദ്ദേശമുള്ളതാണ്. എന്നാൽ ആയത് പരിഗണിക്കാതെ ടെണ്ടർ നടപടികൾ പോലും സ്വീകരിക്കാതെ ARTCO യിൽ നിന്നും ഓപ്പൺ ജിംനേഷ്യത്തിന് ആവശ്യമായ ഉപകരണങ്ങൾ വാങ്ങി. ജിംനേഷ്യത്തിന് ആവശ്യമായ ഉപകരണങ്ങൾ സപ്ലൈ ചെയ്യുന്ന അക്രഡിറ്റഡ് ഏജൻസിയായി ARTCO യെ അംഗീകരിച്ചിട്ടില്ല.

3. സിവിൽ വർക്കുകൾ ടെണ്ടർ കൂടാതെ ഏറ്റെടുത്ത് നടത്തുവാൻ അക്രഡിറ്റഡ് ഏജൻസിയായി ARTCOയെ അംഗീകരിച്ചിട്ടില്ല. എന്നാൽ ടെണ്ടർ നടപടി സ്വീകരിക്കാതെ സിവിൽ വർക്കുകൾ ഏല്പിച്ചു.

മേൽ പ്രോജക്ടിന്റെ ഭാഗമായി Ground Levelling And Compound Inerlocking എന്ന പ്രവർത്തി 176 M2ചെയ്തതിന്₹342672/-
(M2 @1650+ 18% Gst) നൽകിയിട്ടുണ്ട്. എന്നാൽ പ്രവർത്തി സംബന്ധിച്ച എസ്റ്റിമേറ്റ് തയ്യാറാക്കുകയോ ഫൈനൽ ബിൽ ഹാജരാക്കുകയോ ചെയ്തിട്ടില്ല. പൊതുമരാമത്ത് പ്രവർത്തികൾ നിർവഹിക്കുന്നതിനായി ബ്ലോക്ക് പഞ്ചായത്തിൽ എൽ.എസ്.ജി.ഡി എൻജിനിയറിംഗ് വിഭാഗം ഉണ്ടായിരുന്നിട്ടും മേൽ പദ്ധതിയോട് അനുബന്ധമായി ചെയ്ത മരാമത്ത് പ്രവർത്തി ആയത് ചെയ്യുവാൻ സർക്കാർ അനുമതി നൽകിയിട്ടില്ലാത്ത ഏജൻസിയായ ARTCO യ്ക്ക് ടെണ്ടർ നടപടികൾ ഇല്ലാതെ ഏല്പിച്ചത് ക്രമപ്രകാരമല്ല. അതിലേക്ക് വഴിതെളിച്ച സാഹചര്യവും വ്യക്തമല്ല. മേൽ മരാമത്ത് പ്രവർത്തിയുടെ മൂല്യം എൻജിനിയറിംഗ് വിഭാഗത്തെ കൊണ്ട് നിർണയിച്ച് അധിക തുക നൽകിയിട്ടുണ്ടെങ്കിൽ ആയത് നിർവഹണ ഉദ്യോഗസ്ഥനായ ബ്ലോക്ക് സെക്രട്ടറിയിൽ നിന്നും ഈടാക്കേണ്ടതാണ്.

4. ടെണ്ടർ നടപടി സ്വീകരിച്ചിട്ടില്ലാത്തതിനാലും ARTCOയ്ക്ക് റേറ്റ് കോൺട്രാക്ട് നൽകിയിട്ടില്ലാത്ത ഇനമാകയാലും ARTCO കോട്ട് ചെയ്ത നിരക്ക് ന്യായീകരിക്കത്തക്കതാണോ എന്നത് വ്യക്തമല്ല. ARTCO മുഖേന സപ്ലൈ ചെയ്ത ഉപകരണങ്ങളുടെ വില പൊതു മാർക്കറ്റുമായി താരതമ്യം ചെയ്യുമ്പോൾ വലിയ വ്യത്യാസം കാണുന്നു. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

ഇനം	ARTCO ഈടാക്കിയ വില	പൊതുമാർക്കറ്റിലെ പരമാവധി വില (അവലംബം ഓൺലൈൻ വ്യാപാര സൈറ്റുകൾ)	വ്യത്യാസം
ABB TRAINER	75501	25000	50501
CHEST PRESS	151021	35000	116021
EXERCISE CYCLE WITH BACK REST	75501	30000	45501
KNEE HIP RISER	75501	20000	55501
PARALLEL BAR	66061	20000	46061
SURF BOARD	66061	20000	46061
TAI CHI SPINNER	75501	25000	50501
TWISTER STANDING	71725	35000	36725
	ആകെ		4,46,872

മേൽ കാരണങ്ങളാൽ മേൽ പ്രോജക്ടിനായി ചെലവഴിച്ച 9,99,545/- രൂപയുടെ വിനിയോഗം ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. മേൽ അപാകതകൾ ഓഡിറ്റ് എൻകയറി മുഖേന ചൂണ്ടിക്കാട്ടിയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല.
ഓഡിറ്റ് എൻകയറി നം-29/3.11.2025
തടസ്സപ്പെടുത്തുന്ന തുക-9,99,545/- രൂപ

2. പ്രോജക്ട് നം - എസ്.ഓ.131/25-സി.ഡി.പി.ഒ ഓഫീസിന് മുകളിലെ കോൺഫറൻസ് ഹാൾ നവീകരണം

അടങ്കൽ – 180854- (തനത് ഫണ്ട്)

1119146/- മെയിൻറ്റനൻസ് ഗ്രാന്റ് നോൺ റോഡ്

ചെലവ് – 9,94,936 (UTR No RBI0852530688127/ 23.03.25)

മേൽ പദ്ധതി പ്രകാരം സി.ഡി.പി.ഒ ഓഫീസിന് മുകളിലെ കോൺഫറൻസ് ഹാളിലെ ഫർണിഷിംഗ് പ്രവർത്തികളും ഇലക്ട്രിക്ക് പ്രവർത്തികളും എ.സി, ഫാൻ ഉൾപ്പെടെയുള്ള

പർച്ചേസുകളും അക്രഡിറ്റഡ് ഏജൻസികൾ മുഖേന നടത്തുവാനാണ് പദ്ധതി വിഭാവനം ചെയ്തിരുന്നത്. ARTCO മുഖേന നടപ്പിലാക്കിയ മേൽ പദ്ധതിയുടെ ഫയലുകൾ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. ഓഫീസ് ഫർണിഷിംഗ് പ്രവർത്തികൾ ചെയ്യുവാൻ പ്രവർത്തി ഏറ്റെടുത്ത കാലയളവിൽ (20.03.25) ARTCO യെ അക്രഡിറ്റഡ് ഏജൻസിയായി അംഗീകരിച്ച് ചുമതലപ്പെടുത്തിയിട്ടില്ല. GO(Rt)30/2024/ SPD/7.3.2024 പ്രകാരം റേറ്റ് കോൺട്രാക്ട് അടിസ്ഥാനത്തിൽ ടെണ്ടർ നടപടി കൂടാതെ സ്റ്റീൽ/തടി ഫർണിച്ചറുകൾ, ഹോസ്പിറ്റൽ ഫർണിച്ചർ എന്നിവ സപ്ലൈ ചെയ്യാൻ ARTCO യെ അനുവദിച്ച് ഉത്തരവായി (6.3.2025 വരെ പ്രാബല്യം). ഈ ഉത്തരവിൽ സപ്ലൈ ചെയ്യാവുന്ന ഇനങ്ങളുടെ വില നിശ്ചയിച്ചു നൽകിയിരുന്നു. എന്നാൽ മേൽ ലിസ്റ്റ് പ്രകാരം ടെണ്ടർ നടപടി കൂടാതെ വാങ്ങാൻ അനുവദിച്ച ഇനങ്ങളേയും നിരക്കുകളേയും അടിസ്ഥാനമാക്കിയല്ല പരാമർശിത പ്രോജക്ടുകൾ പ്രകാരം ഫർണിഷിംഗ് നടത്തിയത്.

2. എസ്റ്റിമേറ്റ് പ്രകാരം സിവിൽ വർക്ക് ₹ 1004869.01, ഇലക്ട്രിക്കൽ വർക്ക് ₹ 320205.88 എന്നീ ഇനങ്ങളാണ് ഉൾക്കൊള്ളിച്ചിരുന്നത്. എന്നാൽ സിവിൽ,ഇലക്ട്രിക്ക് വർക്കുകൾ ചെയ്യുവാൻ ARTCO യെ അക്രഡിറ്റഡ് ഏജൻസിയായി അംഗീകരിച്ചിട്ടില്ല..

3. ബ്ലോക്ക് സെക്രട്ടറിയുമായി കരാറിൽ ഏർപ്പെട്ട ദിവസം തന്നെ (24.03.25) ഫസ്റ്റ് പാർട്ട് ബിൽ മാറിയിരിക്കുന്നു.

4. **<u>തെറ്റായ അളവുകൾ രേഖപ്പെടുത്തി ഫസ്റ്റ് പാർട്ട് ബിൽ നൽകി - പ്രവൃത്തി പൂർത്തീകരണത്തിനുശേഷം രേഖപ്പെടുത്തിയ അളവ് പാർട്ട് ബില്ലിനായി തുക ക്ലയിം ചെയ്തപ്പോൾ നൽകിയ അളവിനേക്കാൾ കുറവ്</u>**

മേൽ പദ്ധതിയുമായി ബന്ധപ്പെട്ട് ഫസ്റ്റ് പാർട്ട് ബിൽ പരിശോധിച്ചതിൽ (എം ബുക്ക് നം KLM – 4) സിവിൽ വർക്ക് ആദ്യ ഇനമായ Providing Zebra Blinds .....എന്ന ഇനം 78 Sqm ചെയ്തതിന് 2174.760 നിരക്കിൽ 1,69,631.28/- രൂപയും രണ്ടാം ഇനമായ Providing And Fixing False Ceilig .....എന്ന ഇനം 178.26 Sqm ചെയ്തതിന് 1893.190 നിരക്കിൽ 3,37,480.05/- രൂപയും 18% ജി എസ് ടി യും 7.5% സെന്റേജ് ചാർജും (എം ബുക്ക് പേജ് നം 7) ഉൾപ്പെടെ ₹ 9,94,936/- മാറിയിരിക്കുന്നു. എന്നാൽ സെക്കന്റ് പാർട്ട് ബില്ലിൽ മേൽ ഇനങ്ങൾ യഥാക്രമം 40.95 Sqm, 169.25 Sqm ചെയ്തിരിക്കുന്നതായി രേഖപ്പെടുത്തി തുക ക്രമീകരിച്ചാണ് ബിൽ നൽകിയിരിക്കുന്നത്(എം.ബുക്ക് പേജ്ം.23).സർക്കാർ ഉത്തരവുകളും നിർദ്ദേശങ്ങളും ലംഘിച്ച് പ്രവൃത്തി നിർവ്വഹണം ഏല്പിച്ചു നൽകുക മാത്രമല്ല കൃത്യമായ അളവെടുക്കാതെ പ്രതിഫലം നൽകിയതായും ബോധ്യപ്പെട്ടിട്ടുണ്ട്.
മേൽ അപാകതകളാൽ പ്രോജക്ടിനായി ചെലവഴിച്ച 9,94,936/- രൂപയുടെ വിനിയോഗം തടസ്സപ്പെടുത്തുന്നു.മേൽ അപാകതകൾ ഓഡിറ്റ് എൻകൗയറി മുഖേന ചൂണ്ടിക്കാട്ടിയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല.
ഓഡിറ്റ് എൻകൗയറി നം-24/3.11.25
തടസ്സപ്പെടുത്തുന്ന തുക-9,94,936/- രൂപ

<u>3.പ്രോജക്ട് നം - എസ് ഒ 134/ 25 മൈനാഗപ്പള്ളി സി.എച്ച്.സിയിലെ കോൺഫറൻസ് ഹാൾ നവീകരണം</u>

അടങ്കൽ – 13,60,000/ - (മെയിൻന്റ്നൻസ് ഗ്രാന്റ് - നോൺ റോഡ്)

ചെലവ് – 13,22,645/- (UTR No RBI2212439151352/ 06.08.24)

മേൽ പദ്ധതി പ്രകാരം മൈനാഗപ്പള്ളി സി എച്ച് സിയിലെ കോൺഫറൻസ് ഹാളിലെ ഫർണിഷിംഗ് പ്രവർത്തികളും ഇലക്ട്രിക്ക് പ്രവർത്തികളും എ.സി, ഫാൻ ഉൾപ്പെടെയുള്ള പർച്ചേസുകളും അക്രഡിറ്റഡ് ഏജൻസികൾ മുഖേന നടത്തുവാനാണ് പദ്ധതി വിഭാവനം ചെയ്തിരുന്നത്.

ARTCO മുഖേന നടപ്പിലാക്കിയ മേൽ പദ്ധതിയുടെ എസ്റ്റിമേറ്റ് പ്രകാരം Interior Work ₹5,40,181.72, Electrical Work ₹361563.86 എന്നീ ഇനങ്ങളാണ് ഉൾക്കൊള്ളിച്ചിരുന്നത്. Interior Work ൽ പാനലിംഗ്, ഫാൾസ് സീലീംഗ് ഉൾപ്പെടെയുള്ള പ്രവൃത്തികളാണ് നിർവ്വഹിച്ചത്. GO(Rt)30/2024/SPD/7.3.2024 പ്രകാരം ARTCO മുഖേന റേറ്റ് കോൺട്രാക്ടിൻമേൽ പാനലിംഗ്, ഓഫീസ് ഫർണിഷിംഗ് തുടങ്ങിയ ഇനങ്ങൾ ചെയ്യാൻ നിരക്ക് നിശ്ചയിച്ച് ഉത്തരവായിരുന്നു. എന്നാൽ ഇതിൽ പരാമർശിച്ചിട്ടുള്ള ഇനങ്ങളും നിരക്കുകളുമല്ല പാനലിംഗ്,ഫാൾസ് സീലീംഗ് ഉൾപ്പെടെയുള്ള പ്രവൃത്തികൾക്കായി ഉപയോഗിച്ചിരിക്കുന്നത്.മാത്രമല്ല
ഇലക്ട്രിക്ക് വർക്കുകൾ ചെയ്യുവാൻ ARTCO യെ ചുമതലപ്പെടുത്തിയിട്ടില്ല. മേൽ അപാകതകളാൽ പ്രോജക്ടിനായി ചെലവഴിച്ച 13,22,645/- രൂപയുടെ വിനിയോഗം തടസ്സപ്പെടുത്തുന്നു.മേൽ അപാകതകൾ ഓഡിറ്റ് എൻകൗയറി മുഖേന ചൂണ്ടിക്കാട്ടിയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

ഓഡിറ്റ് എൻകെയറി നം-26/3.11.25
തടസ്സപ്പെടുത്തുന്ന തുക-13,22,645/-

4. പദ്ധതി - എസ് ഓ 138/ 25 ബ്ലോക്ക് പഞ്ചായത്ത് കോൺഫറൻസ് ഹാൾ നവീകരണം

അടങ്കൽ – 12,50,000/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ്)

4,00,000/- (തനത് ഫണ്ട്)

ചെലവ് – 15,94,234/- (വൗച്ചർ നം XVFC/ 2024-25/ P/ 52/ 07.11.24, XVFC/ 2024-25/ P/ 89/ 28.02.25, ചെക്ക് നം MA 07940547/ 24.02.25)

മേൽ പദ്ധതി പ്രകാരം ശാസ്താംകോട്ട ബ്ലോക്ക് പഞ്ചായത്തിന്റെ കോൺഫറൻസ് ഹാളിലെ ഫർണിഷിംഗ് പ്രവർത്തികളും ഇലക്ട്രിക്ക് പ്രവർത്തികളും എ സി, ഫാൻ ഉൾപ്പെടെയുള്ള പർച്ചേസുകളും അക്രഡിറ്റഡ് ഏജൻസികൾ മുഖേന നടത്തുവാനാണ് പദ്ധതി വിഭാവനം ചെയ്തിരുന്നത്. ARTCO മുഖേന നടപ്പിലാക്കിയ മേൽ പദ്ധതിയുടെ ഫയലുകൾ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. മേൽ പദ്ധതിയുടെ എസ്റ്റിമേറ്റ് ഹാജരാക്കിയിട്ടില്ല.

2.അലൂമിനിയം ഫാബ്രിക്കേഷൻ, പാർട്ടിഷൻ ഉൾപ്പെടെയുള്ള പ്രവൃത്തികൾ, ഇലക്ട്രിക്ക് വർക്കുകൾ എന്നിവയാണ് മേൽ പ്രോജക്ടിലൂടെ നിർവ്വഹിച്ചത്. എന്നാൽ പ്രോജക്ടിൽ ഉൾപ്പെട്ട ഇനങ്ങൾ ചെയ്യാനുള്ള അക്രഡിറ്റഡ് ഏജൻസിയായി ARTCO യെ അംഗീകരിച്ചിട്ടില്ല.GO(Rt)30/2024/ SPD/7.3.2024 പ്രകാരം റേറ്റ് കോൺട്രാക്ടിൻമേൽ ARTCO യ്ക്ക് ഏറ്റെടുക്കാവുന്ന/സപ്ലെചെയ്യാവുന്ന നിരക്കും ഇനങ്ങളും വ്യക്തമാക്കിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ ഇതിൽ പരാമർശിച്ചിട്ടുള്ള ഇനങ്ങളിലും നിരക്കുകളിലുമുള്ള പ്രവൃത്തികളല്ല നിർവ്വഹിക്കപ്പെട്ടിരിക്കുന്നത്.
മേൽ അപാകതകളാൽ പ്രോജക്ടിനായി ചെലവഴിച്ച 15,94,234/- രൂപയുടെ വിനിയോഗം തടസ്സപ്പെടുത്തുന്നു.മേൽ അപാകതകൾ ഓഡിറ്റ് എൻകെയറി മുഖേന ചൂണ്ടിക്കാട്ടിയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല.
ഓഡിറ്റ് എൻകെയറി നം-25/3.11.25
തടസ്സപ്പെടുത്തുന്ന തുക-15,94,234/- രൂപ

5. പദ്ധതി - എസ് ഓ 135/ 25 ശൂരനാട് സി എച്ച് സിയിലെ കോൺഫറൻസ് ഹാൾ നവീകരണം

അടങ്കൽ – 350288/ - (തനത് ഫണ്ട്)

10,00,000/-(മെയിൻറ്റനൻസ് ഗ്രാന്റ്)

ചെലവ് - 13,50,288/- (UTR No RBI0312585166340/ 29.01.25)
മേൽ പദ്ധതി പ്രകാരം ശൂരനാട് സി എച്ച് സിയിലെ കോൺഫറൻസ് ഹാളിലെ ഇന്റീരിയർ വർക്കുകളും ഇലക്ട്രിക്ക് പ്രവർത്തികളും എ സി, ഫാൻ ഉൾപ്പെടെയുള്ള പർച്ചേസുകളും അക്രഡിറ്റഡ് ഏജൻസികൾ മുഖേന നടത്തുവാനാണ് പദ്ധതി വിഭാവനം ചെയ്തിരുന്നത്. ARTCO മുഖേന നടപ്പിലാക്കിയ മേൽ പദ്ധതിയുടെ എസ്റ്റിമേറ്റ് പ്രകാരം Interior Work ₹ 7,62,986.08, Electrical Work ₹ 2,84,639.3 എന്നീ ഇനങ്ങളാണ് ഉൾക്കൊള്ളിച്ചിരുന്നത്. എന്നാൽ ഇന്റീരിയർ, ഇലക്ട്രിക്ക് വർക്കുകൾ ചെയ്യുവാൻ ARTCO യെ അക്രഡിറ്റഡ് ഏജൻസിയായി അംഗീകരിച്ചിട്ടില്ല. GO(Rt)30/2024/SPD/7.3.2024 പ്രകാരം റേറ്റ് കോൺട്രാക്ടിൻമേൽ പാനലിംഗ്, ഓഫീസ് ഫർണിഷിംഗ് തുടങ്ങിയ ഇനങ്ങൾ നിരക്ക് നിശ്ചയിച്ച് ഉത്തരവായിരുന്നു. എന്നാൽ ഇതിൽ പരാമർശിച്ചിട്ടുള്ള ഇനങ്ങളും നിരക്കുകളിലുമല്ല പാനലിംഗ് ഉൾപ്പെടെയുള്ള പ്രവൃത്തികൾ നിർവ്വഹിക്കപ്പെട്ടിരിക്കുന്നത്.
മാത്രമല്ല മേൽ പ്രവർത്തികളിൽ ഉൾപ്പെടുത്തി എൽ ഇ ഡി ബൾബുകൾ, എ സികൾ സീലിംഗ് ഫാനുകൾ എന്നീ ഉപകരണങ്ങൾ ARTCO മുഖേന വാങ്ങിയതു മൂലം 18% ജി എസ് ടി ക്ക് പുറമേ 7.5% സെന്റേജ് ചാർജ് കൂടി നിർവഹണ ഏജൻസിക്ക് നൽകേണ്ടതായി വന്നു. സ്റ്റോർ പർച്ചേസ് നടപടിക്രമങ്ങൾ പാലിച്ച് മേൽ വാങ്ങലുകൾ നടത്തിയിരുന്നെങ്കിൽ ബ്ലോക്ക് പഞ്ചായത്തിന് ചെലവിനത്തിൽ സാമ്പത്തിക അച്ചടക്കം പാലിക്കുവാൻ കഴിയുമായിരുന്നു.മേൽ അപാകതകൾ ഓഡിറ്റ് എൻകെയറി മുഖേന ചൂണ്ടിക്കാട്ടിയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

മേൽ അപാകതകളാൽ പ്രോജക്ടിനായി ചെലവഴിച്ച 13,50,288/- രൂപയുടെ വിനിയോഗം തടസ്സപ്പെടുത്തുന്നു.
ഓഡിറ്റ് എൻകെയറി നം-27/3.11.25
തടസ്സപ്പെടുത്തുന്ന തുക-13,50,288/-

ഇത്തരത്തിൽ സർക്കാർ ഉത്തരവുകളും നിർദ്ദേശങ്ങളും മറികടന്ന് സെക്രട്ടറി നടപ്പാക്കിയ പദ്ധതികൾ ARTCO മുഖേന നടപ്പാക്കാനുണ്ടായ സാഹചര്യം വ്യക്തമല്ല.

തദ്ദേശസ്ഥാപനങ്ങളിലേക്കുള്ള സാധനങ്ങളുടേയും സേവനങ്ങളുടേയും സമാഹരണവുമായി ബന്ധപ്പെട്ട വ്യവസ്ഥകൾ മറികടന്ന് ARTCO യെ അക്രെഡിറ്റഡ് ഏജൻസിയായി മാത്രം കണ്ട് അക്രെഡിറ്റേഷൻ ഇല്ലാത്ത ഇനങ്ങളുമായി ബന്ധപ്പെട്ട പ്രവൃത്തി ടെണ്ടർ നടപടിക്രമങ്ങൾ പാലിക്കാതെ ഏല്പിച്ചു നൽകിയത് ക്രമരഹിതമായ നടപടിയാണ്. ഈ വിഷയത്തിൻമേൽ വിശദീകരണം/ മറുപടി ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകയറിയ്ക്ക് മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ സാമ്പത്തിക വർഷം നടപടിക്രമങ്ങൾ പാലിക്കാതെ ARTCO മുഖേന നിർവ്വഹിച്ച മേൽ പ്രവൃത്തികളുടെ നിർവ്വഹണം വിശദമായ അന്വേഷണത്തിന് ശുപാർശ ചെയ്യുന്നു. മേൽ വിഷയത്തിൽ ഭരണസമിതിയുടേയും തദ്ദേശ സ്വയംഭരണവകുപ്പിന്റേയും ശ്രദ്ധ ക്ഷണിക്കുന്നു. ക്രമ നം. 1 മുതൽ 5വരെയുള്ള പ്രോജക്ടിന്റെ ചെലവ് ആകെ 6261648/- രൂപ തടസ്സപ്പെടുത്തുന്നു.

1-27 വാട്ടർ എ.റ്റി.എം-പഞ്ചായത്തുകളുമായി തുടർപരിപാലനകരാർ ചമച്ചിട്ടില്ല

പ്രോജക്ട് നമ്പർ	151/25
പ്രോജക്ട് പേര്	വാട്ടർ ATM
അടങ്കൽ തുക	948775/- രൂപ (സി.എഫ്.സി റ്റൈഡ്) 51225 (തനത് ഫണ്ട്)
ചെലവ്	944997 രൂപ (സി.എഫ്.സി റ്റൈഡ്) 47447/- രൂപ (തനത്ഫണ്ട്)
ബിൽ നം	289/ 10-12-2024, 721/ 27-03-2025
നിർവ്വഹണോദ്യോഗസ്ഥൻ	സെക്രട്ടറി

മേൽ പ്രോജക്ട് പ്രകാരം ശാസ്താംകോട്ട, പോരുവഴി പഞ്ചായത്തുകളിൽ വാട്ടർ ATM സ്ഥാപിക്കുന്നതിനായി 992444 രൂപ ചെലവഴിച്ചിട്ടുണ്ട്. M/S വാട്ടർ വേൾഡ്, ഹയ ടവ്വർ, വെസ്റ്റ് ഫോർട്ട് എന്ന സ്ഥാപനത്തിൽ നിന്നാണ് രണ്ട് വാട്ടർ എ.റ്റി.എം കൾ വാങ്ങിയിരിക്കുന്നത്. ശാസ്താംകോട്ട, പോരുവഴി പഞ്ചായത്തുകളിൽ ഇവ സ്ഥാപിച്ചിട്ടുണ്ടെങ്കിലും പഞ്ചായത്തുകളുമായി ഇവയുടെ തുടർപരിപാലനം സംബന്ധിച്ച കരാർ വച്ചിട്ടില്ല.
പഞ്ചായത്തുകളുമായി തുടർപരിപാലനകരാർ വയ്ക്കുന്നതാണെന്ന് എൻകയറിക്ക് മറുപടി ലഭ്യമാക്കി. വാട്ടർ ATM ന്റെ പ്രവർത്തനം, തുടർപരിപാലനം സംബന്ധിച്ച് പഞ്ചായത്തുകളുമായി നിയമാനുസൃത കരാർ വയ്ക്കേണ്ടതാണ്.

എൻകയറി നം. 5/30.10.25

1-28 ഹെൽത്ത്-ഗ്രാന്റ്- അവലോകനം

പതിനഞ്ചാം ധനകാര്യ കമ്മീഷൻ ശിപാർശ പ്രകാരം സംസ്ഥാനങ്ങളുടെ പ്രാഥമിക ആരോഗ്യ പരിരക്ഷാ സൌകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് 2021-22 സാമ്പത്തിക വർഷം മുതൽ ഹെൽത്ത്-ഗ്രാന്റ് അനുവദിച്ചിരുന്നു. 2025-2026 കാലയളവ് വരെയാണ് ഇപ്രകാരം ഹെൽത്ത് ഗ്രാന്റ് അനുവദിക്കുന്നത്. ശാസ്താംകോട്ട ബ്ലോക്ക് പഞ്ചായത്തിന് 2021-22 മുതൽ 2024-25 സാമ്പത്തിക വർഷങ്ങളിലായി ലഭിച്ചതും ചെലവഴിച്ചതുമായ ഹെൽത്ത് ഗ്രാന്റിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ഇനം	ലഭിച്ച ഹെൽത്ത് ഗ്രാന്റ്				ആകെ	ചെലവഴിച്ച ഹെൽത്ത് ഗ്രാന്റ്				ആകെ	ബാലൻസ്
	2021-22	2022-23	2023-24	2024-25		2021-22	2022-23	2023-24	2024-25		
Support For Diagnostic Infrastructure	0										
Grant For Rural Health & Wellness Centres	0	0									
Construction Of Building To Health Sub Centres	0	25,93,388/-	74,070/-	29,12,709/-	5580167/-			21,32,412/-	2,09,135/-	23,41,547/-	32,38,620/-
ആകെ		25,93,388/-	74070/-	2912709/-	5580167/-			21,32,412/-	2,09,135/-	23,41,547/-	32,38,620/-

Support For Diagnostic Infrastructure

Grant For Rural Health & Wellness Centres

ചെലവഴിച്ച തുക- Nil

Construction Of Building To Health Sub Centres

ക്രമ നമ്പർ	ഇനം	ചെലവഴിച്ച തുക	2021-2022	2022-2022	2023-2024	2024-2025	ആകെ
1	Construction Of Building		0		21,32,412/-	2,09,135/-	23,41,547/-

ഹെൽത്ത്-ഗ്രാന്റ് പൂർണ്ണമായും വിനിയോഗിച്ച് പദ്ധതി പ്രവർത്തനങ്ങൾ കാര്യക്ഷമമായി പൂർത്തീകരിക്കുന്നതിന് നടപടി ഉണ്ടാകേണ്ടതാണ്.

ഭാഗം -2
വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -3
ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

3-1 സർക്കാർ മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി തുക അധികം ചെലവഴിച്ചു

പ്രോജക്ട് നം., പേര്	Soo207/25, സ്വാശ്രയ കാർഷിക സമിതികൾക്ക് വിപണന സംവിധാനത്തിന് അടിസ്ഥാന സൗകര്യം ഒരുക്കൽ
അടങ്കൽ	വികസന ഫണ്ട്(ജനറൽ)- 230000/- മറ്റുള്ളവ- 2300000
ചെലവ്	വികസന ഫണ്ട്- 200000/-
നിർവ്വഹണം	അസി. കൃഷി ഡയറക്ടർ

തദ്ദേശസ്വയംഭരണ വകുപ്പിന്റെ സ.ഉ.(എം. എസ്.) നം. 115/2022, 28.05.22 നമ്പർ ഉത്തരവിലെ ഖണ്ഡിക 6-1-21 പ്രകാരം പ്രാദേശിക കാർഷിക വിപണന സംവിധാനത്തിന് സൗകര്യങ്ങൾ വർദ്ധിപ്പിക്കൽ, കെട്ടിട വാടക, ഉപകരണങ്ങൾ, കമ്പ്യൂട്ടറൈസ്ഡ് അക്കൌണ്ടിംഗ് & ബില്ലിംഗ് സംവിധാനം, ശീതികരണ സംഭരണ സംവിധാനം, വൈദ്യുതി ചാർജ്ജ്, വെള്ളക്കരം എന്നിവയ്ക്കുള്ള ആകെ ചെലവിന്റെ 50 % വാർഷിക ധനസഹായമായി ഫെബ്രുവരി മാസത്തിൽ നൽകാവുന്നതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ മേൽ പ്രോജക്ട് പ്രകാരം ആകെ ചെലവ് തുകയുടെ 50% ന് ഉപരിയായി തുക ചെലവഴിച്ചതായി ബോധ്യപ്പെട്ടു. വിശദാംശം ചുവടെ ചേർക്കുന്നു.

സ്ഥാപനം	ചെലവ് രേഖകൾ പ്രകാരം തുക	നൽകേണ്ട തുക	നൽകിയ തുക	അധികം നൽകിയ തുക
സ്വാശ്രയ കർഷകസമിതി ശൂരനാട്	199700/-	99850/-	100000/- ബിൽനം. 6 30/12/24	150/-
സ്വാശ്രയ കർഷക സമിതി ശാസ്താംകോട്ട	198470/-	99235/-	100000/- ബിൽനം. 8/30.12.24	765/-
ആകെ				915/-

അധികം തുക ചെലവഴിച്ചതിന് വിശദീകരണവും, പ്രസ്തുത വിപണന കേന്ദ്രങ്ങൾ കാർഷിക കർമ്മസേനകൾ/ വി.എഫ്.പി.സി.കെ./ആഗ്രോ സർവ്വീസ് സെന്ററുകൾ എന്നിവ നടത്തുന്ന വിപണന കേന്ദ്രങ്ങൾ ആണെന്നതിന്റെ രേഖകളും ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകുയറിയ്ക്ക് മറുപടി ലഭ്യമാക്കിയില്ല. അധികം നൽകിയ തുക കൺസോളിഡേറ്റഡ് ഫണ്ടിൽ തിരികെ ഒടുക്കേണ്ടതും പരാമർശിത രേഖകൾ ലഭ്യമാക്കേണ്ടതുമാണ്.

ഓഡിറ്റ് എൻകുയറി നം. 23/03.11.25

3-2 വിതരണം ചെയ്യാത്ത 4 വാട്ടർ പ്യൂരിഫയറുകൾക്ക് ഇൻസ്റ്റലേഷൻ ചാർജ്ജും സാധന വിലയും നല്കി

പ്രോജക്ട് നം	31/25, അംഗനവാടികളിൽ ശുദ്ധജലത്തിനായി വാട്ടർ പ്യൂരിഫയർ സ്ഥാപിക്കൽ
അടങ്കൽ തുക	800000/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ്
ചെലവ് തുക	*793466 (XVFC/24-25/P/86തീ 13.2.25-499936/-, XVFC/24-25/P/97തീ 20.3.25-142780/- ,XVFC/24-25/P/104തീ 24.3.25-150750/-)

*(ചെലവ് തുക- സുലേഖ പ്രകാരം 791046 രൂപയാണെങ്കിലും ബിൽ പ്രകാരമുള്ള യഥാർത്ഥ ചെലവ് 793466 രൂപയാണ്)
മേൽ പ്രോജക്ടിൽ ഉൾപ്പെടുത്തി സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി അംഗനവാടികളിൽ ശുദ്ധജലത്തിനായി വാട്ടർ പ്യൂരിഫയർ സ്ഥാപിക്കുന്നതിനായി 793466 രൂപ ചെലവഴിച്ചിട്ടുണ്ട്. ജെം മുഖേന ഐടി പ്രൊഫഷണൽ സൊസൈറ്റി എന്ന സ്ഥാപനത്തിൽ നിന്നും 45വാട്ടർ പ്യൂരിഫയർ വാങ്ങിയിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

ഇൻവോയ്സ് നം	എണ്ണം	തുക₹
IT/24-25L453 18.12.24	35	499936/-
IT/24-25L721 തീ30.2.25	10	142780/-

വിതരണ രേഖകൾ പ്രകാരം 41 എണ്ണം മാത്രമേ അംഗനവാടികളിൽ വിതരണം ചെയ്തിട്ടുള്ളൂ. ആയത് സംബന്ധിച്ച് നൽകിയ എൻകെയറിക്ക് (12/30-10-2025) മറുപടിയായി 4 എണ്ണം ഓഫീസിൽ സൂക്ഷിച്ചിട്ടുണ്ട് എന്ന് അറിയിച്ചു. ഫയൽ പരിശോധിച്ചതിൽ കമ്മീഷൻ മുഖേന വാട്ടർ പ്യൂരിഫയർ സ്ഥാപിക്കുന്നതിനായി ശ്രീ. വിമൽരാജിന് യൂണിറ്റ് ഒന്നിന് 3350/- രൂപ ക്രമത്തിൽ 45 വാട്ടർ പ്യൂരിഫയറുകൾക്കായി 150750/- രൂപ (XVFC/24-25/P/104 തീ 24.3.25) നൽകിയിട്ടുണ്ട്. (സാധനങ്ങളുടെ വിലയിനത്തിൽ 73270/- രൂപയും തൊഴിൽ കൂലിയിനത്തിൽ 77480/- രൂപയും നൽകി) 4 എണ്ണം വിതരണം ചെയ്യാതെ ഓഫീസിൽ സൂക്ഷിച്ചിട്ടുള്ളതിനാൽ 4 വാട്ടർ പ്യൂരിഫയർ സ്ഥാപിക്കുന്നതിനായി 13400/- രൂപ ശ്രീ. വിമൽരാജിന് അധികം നൽകിയിട്ടുണ്ട്. മേൽ വിഷയവുമായി ബന്ധപ്പെട്ട് നൽകിയ എൻകെയറിക്ക് (21/03-11-2025) മറുപടി ലഭ്യമാക്കിയിട്ടില്ല. അധികം നൽകിയ തുക തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.
നിരാകരിക്കുന്ന തുക-13400/- രൂപ

ഭാഗം -4
പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 മെഡിസെപ്പ്

1. മെഡിസെപ്പ് പ്രീമിയം ഒടുക്ക് (റഗുലർ ജീവനക്കാർ)

ഓഡിറ്റ് വർഷത്തിലെ ജീവനക്കാരുടെ എണ്ണം	മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക	മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക	ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക	റിമാർക്സ്
31	201500	201500	0	

(1-4-24 മുതൽ 31-3-25 നുള്ളിൽ സർവീസിൽ പ്രവേശിച്ചിട്ടുള്ളവർ ഒഴികെ)
2. മെഡിസെപ്പ് പ്രീമിയം ഒടുക്ക് (1-4-24 മുതൽ 30-6-24-നുള്ളിൽ സർവീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

ജീവനക്കാരുടെ എണ്ണം	സർവീസിൽ പ്രവേശിച്ച മാസം	മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (7/22മുതൽ അല്ലെങ്കിൽ 7/23 മുതലുള്ള കുടിശ്ശിക ഉൾപ്പെടെ	മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക	ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക	റിമാർക്സ്
0	0	0	0	0	

3. മെഡിസെപ്പ് പ്രീമിയം ഒടുക്ക്(1/7/24 മുതൽ സർവീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

ജീവനക്കാരുടെ എണ്ണം	മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (7/22 മുതലുള്ള കുടിശ്ശിക ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതുൾപ്പെടെ)	മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക₹	ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക ₹	റിമാർക്സ്
ബാധകമല്ല				

4. മെഡിസെപ്പ് പ്രീമിയം ഒടുക്ക് (1/8/24 മുതൽ 31/3/25 നുള്ളിൽ സർവീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

ജീവനക്കാരുടെ എണ്ണം	സർവീസിൽ പ്രവേശിച്ച മാസം	മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (7/22 മുതൽ അല്ലെങ്കിൽ 7/2024 മുതലുള്ള കുടിശ്ശിക ഉൾപ്പെടെ	മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക₹	ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക₹	റിമാർക്സ്
ബാധകമല്ല				0	0

4-2 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

വർഷം	സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി	സർട്ടിഫിക്കറ്റ് നമ്പർ/തീയതി
2024-25	28.10.25, 29.10.25	കെ.എസ്.എ.കെ.എൽ.എം.പി10/2392/25/27.12.2025

4-3 സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

വിഹിതം നൽകിയ സ്ഥാപനം	തുക ലഭിച്ച വർഷം	ലഭിച്ച തുക (₹)	പ്രോജക്ടിന്റെ പേര്	ചെലവ് (₹)	ബാലൻസ് (₹)
ജില്ലാ പഞ്ചായത്ത്	2024-25	6174000/-	ലൈഫ് പി.എം.എ.വൈ. ഭവന നിർമ്മാണം (ജനറൽ), S002/25	6174000/-	0
ജില്ലാ പഞ്ചായത്ത്	2024-25	1176000/-	പി.എം.എ.വൈ. ഭവന പദ്ധതി (എസ്.സി.പി.), SOO212/25	1176000/-	0
ഗ്രാമ പഞ്ചായത്ത്	2024-25	1260000/-	പി.എം.എ.വൈ. ഭവന പദ്ധതി (എസ്.സി.പി.), SOO212/25	1260000/-	0
ഗ്രാമ പഞ്ചായത്ത്	2024-25	3150000/-	ലൈഫ് പി.എം.എ.വൈ. ഭവന നിർമ്മാണം (ജനറൽ), S002/25	3150000/-	0
ഗ്രാമ പഞ്ചായത്ത്	2024-25	495000/-	ഭരണിക്കാവ് മുസലിയാർ ഫാം ബസ് സ്റ്റാന്റ് നവീകരണം ശാസ്താംകോട്ട ഗ്രാമപഞ്ചായത്ത് വാർഡ് 19, S00232/25	495000/-	0

4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

4-5 വായ്പ / വായ്പാതിരിച്ചടവ്

ഇല്ല.

4-6 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

4-7 സ്ഥിര നിക്ഷേപം

ഇല്ല.

4-8 ഓഡിറ്റ് റിക്കവറി

ഇല്ല.

4-9 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പു പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ഓഡിറ്റ് വർഷം	ഖണ്ഡിക	സമാഹൃത റിപ്പോർട്ട് വർഷം	ഖണ്ഡിക	വിഷയം	ഇപ്പോഴത്തെ അവസ്ഥ
1998-99 മുതൽ 2004-05 വരെ	3.25	2007-08	3.10.1	കൊയ്ത്ത് മെതിയന്ത്രം വാങ്ങുന്നതിനുള്ള പദ്ധതി- ആത്യന്തികമായി പാഴ്ച്ചലവായി മാറി	നിയമസഭാ സമിതിയുടെ പരിഗണനയിലാണ്
1998-99 മുതൽ 2004-05 വരെ	3.26	2007-08	3.1.3	പൊതു ഞാറ്റാടി തയ്യാറാക്കലും ട്രാൻസ്പ്ലാന്റർ എന്ന യന്ത്രമുപയോഗിച്ച് പറിച്ച് നടീലും എന്ന പദ്ധതിയ്ക്ക് ഉപകരണം വാങ്ങൽ	നിയമസഭാ സമിതിയുടെ(21-23)61ാമത് റിപ്പോർട്ടിൽ ഉപകരണങ്ങൾ ലേലം ചെയ്യാൻ ശുപാർശ ചെയ്തിട്ടുണ്ട്.

4-10 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല.

4-11 ഓഡിറ്റ് പ്രത്യവലോകനം

(എ) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഖണ്ഡിക നമ്പർ	നഷ്ടമായ തുക (₹)		ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
	ചാർജ് ചെയ്യാവുന്നവ	സർചാർജ് ചെയ്യാവുന്നവ	
3-1 (1-15)	-	915/-	ശ്രീമതി ഷാനിദാ ബീവി എ., അസി. ഡയറക്ടർ ഓഫ് അഗ്രിക്കൾച്ചർ
3-2(1-25)		13400/-	ശ്രീ. ചന്ദ്രബാബു കെ., സെക്രട്ടറി
	ആകെ	14315/-	

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഖണ്ഡിക നമ്പർ	തുക (₹)	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
1-12	15000/-	ശ്രീ. ചന്ദ്രബാബു കെ., സെക്രട്ടറി
1-13	94,889/-	ശ്രീ. ചന്ദ്രബാബു കെ., സെക്രട്ടറി
1-16	534004/-	ശ്രീ. ചന്ദ്രബാബു കെ., സെക്രട്ടറി
1-17	986015/-	ശ്രീ. ചന്ദ്രബാബു കെ., സെക്രട്ടറി
1-18	100000/-	ശ്രീ. ചന്ദ്രബാബു കെ., സെക്രട്ടറി
1-19	2000000/-	ശ്രീ. ചന്ദ്രബാബു കെ., സെക്രട്ടറി
1-20	9577471/-	ശ്രീ. ചന്ദ്രബാബു കെ., സെക്രട്ടറി
1-21	725000/-	ശ്രീ. ചന്ദ്രബാബു കെ., സെക്രട്ടറി
1-22	36725/-	ഡോ. ബൈജു എസ്.ജി., മെഡിക്കൽ ഓഫീസർ സി.എച്ച്. സി. മൈനാഗപ്പള്ളി
	203353/-	ഡോ.സബിതാ കണ്ണൻ, മെഡിക്കൽ ഓഫീസർ സി.എച്ച്. സി. മൈനാഗപ്പള്ളി
1-23	2890068/-	ഡോ. ഷഹന, സൂപ്രണ്ട് താലൂക്ക് ആശുപത്രി ശാസ്താംകോട്ട
	93005/-	ഡോ. അഞ്ജലി, സൂപ്രണ്ട് താലൂക്ക് ആശുപത്രി ശാസ്താംകോട്ട

1-26(1,2,3,4,5)	6261648/- രൂപ	ശ്രീ. ചന്ദ്രബാബു കെ., സെക്രട്ടറി
ആകെ	**23517178/-**	

(ബി). <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>

ഇല്ല.

(സി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>

ഇല്ല.

(ഡി) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് /തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

പേരും ഉദ്യോഗപ്പേരും	ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം	സ്ഥിരം മേൽവിലാസം
ശ്രീ. ചന്ദ്രബാബു കെ., സെക്രട്ടറി	സെക്രട്ടറി, ശാസ്താംകോട്ട ബ്ലോക്ക്	മീനത്തേതിൽ കിഴക്ക് താമരക്കുളം പി.ഒ., ആലപ്പുഴ-690530
ശ്രീമതി ഷാനിദാ ബീവി എ.	അസി.ഡയറക്ടർ ഓഫ് അഗ്രിക്കൾച്ചർ	മഠത്തിൽ കടുവുങ്കൽ വള്ളികുന്നം പി.ഒ. ആലപ്പുഴ
ഡോ. സബിതാ കണ്ണൻ, മെഡിക്കൽ ഓഫീസർ സി.എച്ച്.സി. മൈനാഗപ്പള്ളി	സി.എച്ച്.സി. മൈനാഗപ്പള്ളി	പൌർണ്ണമി പോരുവഴി വടക്ക് ചാത്താകുളം പി.ഒ. കൊല്ലം – 690520
ഡോ. ഷഹന, സൂപ്രണ്ട്, താലൂക്ക് ഹോസ്പിറ്റൽ, ശാസ്താംകോട്ട	സൂപ്രണ്ട്, താലൂക്ക് ഹോസ്പിറ്റൽ, ശാസ്താംകോട്ട	ECSTASY, നിയർ ടി.കെ.എം. എച്ച്.എസ്.എസ്., പേരൂർ, കൊല്ലം-691005
ഡോ. ആഞ്ജലി സൂപ്രണ്ട്, താലൂക്ക് ഹോസ്പിറ്റൽ, ശാസ്താംകോട്ട	സൂപ്രണ്ട്, താലൂക്ക് ഹോസ്പിറ്റൽ, ശാസ്താംകോട്ട	ECSTASY, നിയർ ടി.കെ.എം. എച്ച്.എസ്.എസ്., പേരൂർ, കൊല്ലം-691005
ഡോ. ബൈജു എസ്.ജി., മെഡിക്കൽ ഓഫീസർ സി.എച്ച്.സി. മൈനാഗപ്പള്ളി	മെഡിക്കൽ ഓഫീസർ, സി.എച്ച്.സി. മൈനാഗപ്പള്ളി	ശിവശക്തി, മനക്കര ശാസ്താംകോട്ട പി.ഒ.

<u>4-12 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ</u>

ഓഡിറ്റ് വർഷം	ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം	തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം.
1995-96 മുതൽ 1997-98 വരെ	കെ.എസ്.എ.കെ.എൽ.എം.പി10/458(1)/18, 24.3.2018	5
1998-99 മുതൽ 2004-05 വരെ	കെ.എസ്.എ.കെ.എൽ.എം.പി10/458(2)/18, 24.3.2018	7
2005-06	കെ.എസ്.എ.കെ.എൽ.എം.പി10/458(3)/18, 24.3.2018	10
2006-07	കെ.എസ്.എ.കെ.എൽ.എം.ഡി.ബി1/165/16, 14.03.16	8
2007-08	എൽ.എഫ്.ക്യു.ഡി.ബി-1536(4)/14, 2.7.14	4
2008-09	എൽ.എഫ്.ക്യു.ഡി.ബി-1536(3)/14, 2.7.14	8
2009-10	എൽ.എഫ്.ക്യു.ഡി.ബി-2306/14, 9.1.15	5
2010-11	എൽ.എഫ്.ക്യു.ഡി.ബി-1536(1)/14, 2.7.14	5
2011-12	കെ.എസ്.എ.കെ.എൽ.എം.ഡി.ബി/1498/14, 16.4.15	13
2012-13 & 2013-14	കെ.എസ്.എ.കെ.എൽ.എം.ഡി.ബി/2175/15, 18.2.16	6

2014-15 & 2015-16	കെ.എസ്.എ.കെ.എൽ.എം.പി.10/1513/17, 27.11.17	7
2016-17	കെ.എസ്.എ.കെ.എൽ.എം.പി.10/2001/07, 7.12.2017	9
2017-18	കെ.എസ്.എ.കെ.എൽ.എം.പി.10/403/19, 9.4.2019	8
2018-19	കെ.എസ്.എ.കെ.എൽ.എം.പി.10/1194/20 15.1.21	17
2019-20	കെ.എസ്.എ.കെ.എൽ.എം.പി.10/485/22 21.6.22	16
2020-21	കെ.എസ്.എ.കെ.എൽ.എം.പി.10/895/22 /22 30/07/2022	27
2021-22	കെ.എസ്.എ.കെ.എൽ.എം.പി.10/539/23 /12/04/2023	20
2022-23	കെ.എസ്.എ.കെ.എൽ.എം.പി.10/1570/23 /07/11/2023	16
2023-24	കെ.എസ്.എ.കെ.എൽ.എം.പി.10തീയ്യതി: 07/11/2024	16

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

Annexure-1
Audit Certificate

i. I have audited the attached Financial statements approved vide resolution number 1(3) dated 1(1) dated 29-07-2025 and submitted on 31-07-2025 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2025 and Balance sheet as on 31-03-2025 , with supporting forms, of the Sasthamcotta Block Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State / Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2024-2025 and Financial position of Sasthamcotta Block Panchayat as on 31-03-2025

Date: 27/12/2025 **Senior Deputy Director**

Kerala State Audit Department

Audit Report appended to the Audit Certificate of Sasthamcotta Block Panchayat for the Year 2024-2025.

1.Major Observations

NIL.

2.Other Observations

1. The mandatory financial statements such as ratios and notes to Secretary prescribed in accounting rules are not submitted for audit.
2. Bank reconciliation statement not prepared.
3. Net increase in cash and cash equivalence does not match with net cash generated by operating, investing and financing activity.
4. Deposit register is not maintained.
5. No proper entries in Rent demand register.
6. Expenditure figures as per ACR do not match with that provided in Sulekha Expenditure Report.
7. The Asset Register, Stock register and Advance register were not value based. So the accuracy of the values shown in the balance sheet and that of depreciation could not be verified.
8. The ledger balances and the balances in the corresponding bank accounts related to CFC Tied & Untied basic fund does not match each other.
9. Expenditure under Finance Commission Grant 1-6 differs with the expenditure under ACR, Sulekha & AFS.
10. Income of an amount of Rs. 105,000/- received in connection with the Soil auction was not included in

the annual financial statement.

അനുബന്ധം-2
ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കൊല്ലം ജില്ലയിലെ ശാസ്താംകോട്ട ബ്ലോക്ക് പഞ്ചായത്തിന്റെ 2024-2025 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

അനുബന്ധം-3
അനുബന്ധ പത്രികകൾ

1	റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മന്റ്	സംക്ഷിപ്തം (Audited Abstract)
2	ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മന്റ്	
3	ബാലൻസ് ഷീറ്റ്	

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം